

അനുഗ്രഹമുള്ള ഈശോയെ! അവക്ക് നിത്യാശ്വാസം കൊടുത്തരുളണമെ. (300. ദി. ദ. വി.)

# കർമ്മല കുസുമം.

പുസ്തകം ൨൩)  നവംബർ.  (ലക്കം ൧൧.


# ശുദ്ധീകര കീർത്തന.

(റവ: ജോസ് മാററുകൽ)

(പാപിയെ നീ പാക്ക റ: ദാസനാമീ ദ്രോഹി രീതി.)

ഈശോയെ! നീ വീണ്ടുകൊള്ളുക– ദാസരെ.
൧. എരിയും ഘോരാഗ്നിമദ്ധ്യേ– പൊരിയുമീയാത്മാക്കൾ മേൽ
തിരിയേണമെ നിൻതൃക്കണ്ണുക–ളുടനെ– ഉടനെ. ഈശോ.
൨. ത്രാണകാ! നീ ചൊരിഞ്ഞ ശോണം ശുദ്ധീകരിക്കാൻ
അഗ്നിയെക്കാൾ ശക്തമല്ലയോ?– കരുണാ–കരനേ!– ഈശോ.
൩. കർത്താവെ! നിൻഹൃദയം–നിസ്തുലം സ്നേഹരിക്കുമീ
ഭക്തരെനീ വാനിലേററണേ– ഉടനെ– പരനെ ഈശോ.
൪. സാന്ത്വനമേതുമെന്യേ– സന്തപിക്കുമിവരെ
ശുദ്ധീകരാഗ്നിയിൽ നിന്നുടൻ– പാലയ പാലകാ!– ഈശോ.

# പ്രസാധകക്കുറിപ്പുകൾ.

## നവംബർ മാസം.

ഈ മാസം ഒന്നാംതീയതി സകല പരിശുദ്ധന്മാരുടെ തിരുനാളും അതിൻെറ പിറേറദിവസം സകല മരിച്ചവരുടെ തിരുനാളും ആഘോഷിക്കുന്നതിനും, മാസം മുഴുവനും ശുദ്ധീകരണാത്മാക്കളുടെ പ്രത്യേക വണക്കത്തിനായി പ്രതിഷ്ഠിക്കുന്നതിനും തിരുസഭ നിശ്ചയിച്ചിരിക്കുന്നു. ജയാഘോഷം കൊണ്ടാടുന്ന സ്വർഗ്ഗീയസഭയുടെ സ്മരണ യുദ്ധത്തിലിരിക്കുന്ന സഭയ്ക്കു അത്യന്തം പ്രോത്സാഹജനകമാണ്. നമ്മെപ്പോലെ ബലഹീനരായ മനുഷ്യർ ദൈവവരപ്രസാദത്തിൻെറ സഹായത്താൽ പ്രാപിച്ചിരിക്കുന്ന ആ ഉന്നതമഹത്വം നമുക്കു എത്രയോ ധൈര്യത്തിനു നിദാനമായിരിക്കുന്നു. ചുരുങ്ങിയ കാലത്തേ യുദ്ധത്തിൻെറ ഫലമായി അക്ഷയമായ നിത്യകിരീടമാണു നമുക്കു ഒരുക്കി വച്ചിരിക്കുന്നതു. എന്നാൽ പൂൎണ്ണ പരിശുദ്ധിപ്രാപിച്ചിട്ടുള്ള ആത്മാക്കൾക്കല്ലാതെ സ്വൎഗ്ഗത്തിലേക്കു പ്രവേശിപ്പാൻ പാടില്ലെന്നുള്ളതു് നാം വിസ്മരിക്കാവുന്നതല്ല. അല്പ കറകളോടുകൂടി മരിക്കുന്നവർ ശുദ്ധീകരിക്കപ്പെടുന്ന ആ ഭയങ്കരശിക്ഷയുടെ സ്ഥലം സദാ നമ്മുടെ ഓർമ്മയി

ലുണ്ടായിരുന്നാൽ നിസ്സാരമെന്നു നാം പരിഗണിക്കുന്ന പല പ്രതിദിന വീഴ്ചകളേയും പരിഹരിക്കുന്നതിനു നമുക്കു അത്യധികം ഉത്സാഹമുണ്ടാകും. അതുപോലെതന്നെ ഈ പീഡനസ്ഥലത്തു ദുരിതം അനുഭവിക്കുന്ന ആത്മാക്കളെ യഥാശക്തി സഹായിക്കുന്നതിനും നാം താല്പൎയ്യപ്പെടാതിരിക്കയില്ല. അവരിൽ പലരും നമ്മുടെ സ്വന്ത ആളുകളാണു്; ഒരുപക്ഷേ നാം നിമിത്തമായിരിക്കാം അവർ ആ അഗ്നിയിൽ ദഹിക്കുന്നതു. ഇതു നാം ഓൎക്കുന്നുണ്ടോ? ഈ മാസത്തിൽ അവൎക്കുവേണ്ടി എന്തു ചെയ്വാൻ നാം നിശ്ചയിച്ചിരിക്കുന്നു?

### നമ്മുടെ പ്രതിദിനപ്പത്രം.

ഇൻഡ്യയിലെ ഏക കത്തോലിക്കു പ്രതിദിനപ്പത്രമായ നമ്മുടെ നസ്രാണിദീപിക, വരിക്കാരുടെ ആനുകൂല്യക്കുറവു നിമിത്തം നിറുത്തിക്കളവാൻ ആലോചനയുള്ളതായി അറിയുന്നതിൽ ദുഃഖിക്കുന്നു. ഒന്നരക്കൊല്ലത്തെ പ്രതിദിന പ്രസിദ്ധീകരണം നിമിത്തം അയ്യായിരത്തിൽപ്പരം രൂപാ നഷ്ടത്തിലാണു കലാശിച്ചിരിക്കുന്നതെന്നുള്ളതു ഒട്ടും ശോഭനമല്ല. ആ നിലയിൽ തുടൎന്നു കൊണ്ടുപോകുന്നതു ഒട്ടും വിവേകമായിരിക്കുമെന്നും ഞങ്ങൾക്കു അഭിപ്രായമില്ല. എന്നാൽ കേരളത്തിലെ കത്തോലിക്കു സമുദായത്തിനു ഈ ആപൽഘട്ടത്തിൽ ദീപികയെ സഹായിക്കുന്നതിനുള്ള ചുമതലയും ശക്തിയും ഇല്ലയോ എന്നാണു ഞങ്ങൾ ചോദിക്കുന്നതു? വരിക്കാരുടെ കുടിശ്ശികകൾ പിരിഞ്ഞു കിട്ടുന്ന പക്ഷം അധികച്ചെലവു അധികകവങ്കും പരിഹരിക്കപ്പെടാൻ കഴിയുമെന്നാണു് അറിയുന്നതു് ന്യായമായ ഈ സഹകരണമെങ്കിലും ചെയ്വാൻ നമ്മുടെ സമുദായാഭിമാനികൾ തയ്യാറില്ലാതെ വരികയാണെങ്കിൽ പ്രതിദിനപ്പത്രത്തിന്റെ അഭിമാനത്തിനു അവൎക്കു അർഹതയില്ലെന്നേ കരുതാനുള്ളു. ഈ കാലത്തു പ്രത്യേകിച്ചു ഇവിടെ ഒരു കത്തോലിക്കു പ്രതിദിനപ്പത്രത്തിന്റെ ആവശ്യകത ഒഴിച്ചുകൂടാത്തതായി തീൎന്നിട്ടുണ്ടെന്നാണു ഞങ്ങൾക്കു തോന്നുന്നതു്. കത്തോലിക്കു പ്രസിദ്ധീകരണങ്ങളുടെ വിലയും നിലയും മററു സ്ഥലങ്ങളിൽ നാൾക്കുനാൾ ബോദ്ധ്യമായി വരികയിൽ ഇവിടത്തെ കത്തോലിക്കരുടെ കണ്ണുമാത്രം തെളിയാതിരിക്കയാണെങ്കിൽ അതു വിചിത്രം തന്നെ. ഏതായാലും ഈ വിഷയം സമുദായത്തിന്റെ ശ്രദ്ധയിൽപ്പെട്ടു കാണ്മാൻ ഞങ്ങളാഗ്രഹിക്കുന്നു. കുസുമവരിക്കാർ തങ്ങളുടെ നിസ്സാരസംഖ്യ വേഗം അയച്ചുതരുന്നതായാൽ ആ വഴിക്കും നമ്മുടെ പ്രതിദിനപ്പത്രത്തിനു ചില്ലറയായ ഒരു സഹായം ഉണ്ടാകാനിടയാകുന്നതാണെന്നുള്ള വിവരവും പ്രസ്താവിച്ചുകൊള്ളട്ടെ.

## പുതിയ പ്രസിദ്ധീകരണങ്ങൾ

### 1. ദയനീയമായ ഒരു ചിത്രം.

കെ. ടി. ലോനപ്പൻ സക്കാർ ഹൈസ്കൂൾ, തൃശ്ശിവപേരൂർ

വില മൂന്നണ.

'ക്രീസ്തുവിന്റെ ഗിരിപ്രഭാഷണം' എന്ന കൃതിയുടെ കൎത്താവായ മി. ലോനപ്പന്റെ തൂലികയിൽനിന്നു കൈരളിക്കു ലഭിച്ചിട്ടുള്ള ഒരു നവീന കാവ്യമാണു് ഈ പുസ്തകം. ദിവ്യരക്ഷകന്റെ പീഡാനുഭവങ്ങളെപ്പററി എത്ര ഭക്തിജനകവും ഹൃദയഭേദകവുമായ നിലയിലാണു കവി വൎണ്ണിച്ചിരിക്കുന്നതെന്നു ഞങ്ങൾ ഈ ലക്കത്തിൽ ഉദ്ധരിച്ചിട്ടുള്ള ഭാഗത്തിൽനിന്നു വായനക്കാൎക്കു മനസ്സിലാക്കാം.

### 2. ഗൃഹോപദേശിക.

കൊൺവേർഷ്യൻ ലീഗു പുത്തൻപള്ളി വരാപ്പുഴ വില എട്ടണ.

പുത്തൻപള്ളി സെമ്മിനാരിയിൽ പഠിക്കുന്ന വരാപ്പുഴ അതിരൂപതയിൽപ്പെട്ട ക്ലേരിമാർ ഭാഷാന്തരംചെയ്തു പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന ഈ പുസ്തകത്തിൽ ഭക്തിജനകങ്ങളായ ചെറുകഥകൾ, ജീവചരിത്രങ്ങൾ മുതലായവയുൾപ്പെടെ ക്രൌൺ വലിപ്പത്തിൽ ഇരുനൂറു പക്ഷങ്ങളാണുള്ളതു്. കത്തോലിക്കു കുടുംബങ്ങൾക്കു ഇക്കാലത്തേയ്ക്കു ഉതകുന്ന പററിയ ഒരു പുസ്തകം തന്നെ.

# വേദപുസ്തക പാരായണം.

## രസകരമായ ഒരു അവകാശക്കേസ്.

(വെറി. റവ. ഫാദർ അലക്സാണ്ടർ സി. ഡി. ബി. ഡി. എൽ. ററി.)

മൂശ ദീർഘദർശിയുടെയും സംഘത്തിന്റെയും മുമ്പാകെ അഞ്ചു എബ്രായ യുവതികൾ ഒരു അവകാശക്കേസു ബോധിപ്പിച്ചു. ദീർഘദർശിയാകട്ടെ ഈ കേസു ദൈവത്തിൻപക്കലേക്കു റിപ്പോർട്ടു ചെയ്തു. ദൈവം യുവതികൾക്കു അനുകൂലമായി വിധികല്പിക്കയാണുണ്ടായതു്. രസകരമായ ഈ കേസിന്റെ വിവരം സംഖ്യാപുസ്തകം 27-ാം അദ്ധ്യായം 1-ാം വാക്യം മുതൽ 11-ാം വാക്യംവരെ വായിച്ചാൽ കാണാവുന്നതാണ്.

പിതൃപിതാവായിരുന്ന യാക്കോബിന്റെ പന്ത്രണ്ടു പുത്രന്മാരിൽ ഒരുവനായ മെനസേപ്പിന്റെ ഗോത്രത്തിൽപെട്ട ശെലൊഫെഹാദിനു ആൺകുട്ടികളാരുമുണ്ടായിരുന്നില്ല. അഞ്ചു പെൺകുട്ടികൾ മാത്രമെയുണ്ടായിരുന്നുള്ളു. എന്നാൽ എബ്രായക്കാരുടെ അവകാശക്രമവും വംശാവലിയും ആൺവഴിക്കമാത്രമായിരുന്നു. ഇസ്രായേൽജനം വാഗ്ദത്തഭൂമിയായ കനാൻദേശത്തു പ്രവേശിപ്പാൻ കാലമടുത്തിരുന്നു. അവിടെ പ്രവേശിച്ചാൽ കനാൻദേശം ഓരോ ഗോത്രങ്ങൾക്കുവേണ്ടി ഓരോ പ്രദേശങ്ങളായി തിരിക്കയും, ഓരോ ഗോത്രത്തിൽപെട്ട ഇരുപതു വയസ്സായ സകല പുരുഷന്മാർക്കും ഭൂമി പേരിൽ പതിച്ചുകൊടുക്കയും ചെയ്യണമെന്നാണ് നിശ്ചയിച്ചിരുന്നതു. എന്നാൽ ആൺകുട്ടിയില്ലാതെ അപ്പൻ മരിച്ചുപോയതുകൊണ്ടു മേല്പറഞ്ഞ കേസുകാരായ അഞ്ചു യുവതികൾക്കു കനാൻദേശത്തിൽ പിതാവിന്റെ അവകാശം കിട്ടുവാൻ നിവൃത്തിയില്ലായിരുന്നു. ഇതിലേക്കു നിവൃത്തിമാർഗ്ഗം ഉണ്ടാക്കുന്നതിന്നായി അവർ അഞ്ചുപേരും "സഭയിൽ കൂടാരവാതുക്കൽ മൂശയുടെ മുമ്പാകെയും ആചാര്യനായ ഏലിയാസറിന്റെ മുമ്പാകെയും പ്രഭുക്കന്മാരുടെ സംഘമൊക്കെയുടെയും മുമ്പാകെയും നിന്നുകൊണ്ടു പറഞ്ഞതെന്തെന്നാൽ: ഞങ്ങളുടെ പിതാവു് വനത്തിൽ വെച്ചു മരിച്ചു.... അദ്ദേഹത്തിനു ആൺകുട്ടികൾ ഉണ്ടായില്ല. ഞങ്ങളുടെ പിതാവിനു ഒരു ആൺകുട്ടി ഇല്ലാത്തമൂലം അദ്ദേഹത്തിന്റെ പേർ കുടുംബത്തിൽനിന്നു ഇല്ലാതെ ആകുന്നതെന്തു? ഞങ്ങളുടെ പിതാവിന്റെ സഹോദരന്മാരുടെ ഇടയിൽ ഞങ്ങൾക്കും ഒരു അവകാശത്തെ തരണം. മൂശ ഇവരുടെ വ്യവഹാരത്തെ ദൈവത്തിൻ പക്കൽ സമർപ്പിക്കയും ചെയ്തു. എന്നാറെ ദൈവം മൂശയോടു് അരുളിച്ചെയ്തതെന്തു്: ശെലോഫെഹാദിന്റെ പുത്രിമാർ പറയുന്നതു ശരിതന്നെ; അവരുടെ പിതാവിന്റെ സഹോദരന്മാരുടെ ഇടയിൽ അവർക്കും ഒരു അവകാശത്തെ അനുഭവമാക്കി കൊടുക്കണം നിശ്ചയം; നീ അവരുടെ പിതാവിന്റെ അവകാശത്തേയും അവർക്കു ചെല്ലുമാറാക്കേണം. പിന്നെയും നീ ഇസ്രായെൽ പുത്രിമാരോടു പറയേണ്ടതെന്തെന്നാൽ: ഒരു മനുഷ്യൻ ആൺകുട്ടിയില്ലാതെ മരിച്ചാൽ, നിങ്ങൾ അവന്റെ അവകാശത്തെ അവന്റെ പുത്രിക്കു് ചെല്ലുമാറാക്കേണം. അവനു പുത്രിയും ഇല്ലെങ്കിൽ, അവന്റെ അവകാശത്തെ നിങ്ങൾ അവന്റെ സഹോദരന്മാർക്കു ചെല്ലുമാറാക്കേണം." (സംഖ്യാപുസ്തകം ൨൭. ൨-൧൧)

ഇതാ നമ്മുടെ അഞ്ചു യുവതികൾ വിജയം പ്രാപിച്ചിരിക്കുന്നു. തങ്ങൾക്കു പിതാവിന്റെ അവകാശം കിട്ടിയതുകൂടാതെ, തങ്ങളുടെ സ്ഥിതിയിൽ ഇനി വരുവാനിരിക്കുന്ന മറ്റു പെൺകുട്ടികൾക്കും ഉപകാരപ്രദമായ ഒരു പൊതുനിയമംകൂടി ദൈവത്തിൽനിന്നു അവർ പ്രാപിക്കയുംചെയ്തു. വിജയികളായ ഈ യുവതികളുടെ പേരുകൾ: മഹലാ, നോഹാ, ഹോ

ഹ്ളാ, മിൽഖാ, തിർസാ എന്നാണ്. ഇവരുടെ ദൃഷ്ടാന്തത്തിൽനിന്നു പഠിക്കേണ്ട പാഠം, സ്ത്രീകളായാലും പുരുഷന്മാരായാലും അപരവരുടെ അവകാശങ്ങളെ വേണ്ടവിധത്തിൽ ആദരിച്ചാൽ അവ തങ്ങൾക്കും സന്താനങ്ങൾക്കുംവേണ്ടി സുരക്ഷിതങ്ങളായിരിക്കും എന്നത്രെ.

# ലൂർദിലെ സ്മരണകൾ.

(റവ. ഫാദർ സിറിയക്ക കാപ്പിൽ. പിഎച്ച് ഡി.)

കഴിഞ്ഞ ജൂൺമാസത്തിലാണ് ബ. ആലപ്പാട്ടച്ചനും ഞാനുംകൂടി ലൂർദിലെത്തിയത്. അന്നു അവിടെ കൂടിയിരുന്ന ജനങ്ങളിൽ ഭൂരിപക്ഷവും ഇംഗ്ലീഷ് സംസാരിക്കുന്നതു കേട്ട് എവിടുത്തുകാരാണെന്നന്വേഷിച്ചപ്പോൾ ലിവർപൂളിൽനിന്ന് രണ്ടായിരത്തോളം തീർത്ഥയാത്രക്കാരും ആൽജിയേഴ്സിൽ നിന്നു ആയിരത്തിലധികവും ബൽജിയത്തിൽ നിന്നു 1500-ൽ അധികവും തീർത്ഥയാത്രക്കാരും മുന്നൂറോളം രോഗികളും അപ്പോൾ അവിടെ ഉണ്ടെന്നു മനസ്സിലായി. ഫ്റാൻസിലെ ഒരു ജാതീയതീർത്ഥയാത്ര ഉടനെ വന്നു ചേരുമെന്നും കേട്ടു. അതിൽ ദരിദ്രരായ രോഗികളെ കൊണ്ടുവരുന്നതിനായി രണ്ടു ലക്ഷത്തോളം ഫ്റാങ്ക് അന്നു പിരിച്ചു കഴിഞ്ഞിരുന്നു. അറുപതിനായിരത്തിൽ അധികം വരുന്ന ഒരു തീർത്ഥയാത്രാസംഘമായിരിക്കും അതെന്നു പറയപ്പെട്ടുന്നു.

ഒരുദിവസം ഞങ്ങൾ പള്ളിയിൽ ചെന്നപ്പോൾ ഏകദേശം 9 മണിയായി. ഒന്നിനു പുറകെ ഒന്നായി നാനൂറിലധികം ഉന്തുവണ്ടികൾ രോഗികളെയും വഹിച്ചുകൊണ്ട് ഗുഹയുടെ മുമ്പിൽ എത്തിയിട്ടുണ്ട്. അവിടെയുള്ള പ്രസംഗപീഠത്തിൽനിന്ന് ഒരു പട്ടക്കാരൻ കൊന്ത എത്തിക്കുന്നു. രോഗികളും മറ്റും അത്യുത്സാഹത്തോടുകൂടി നമസ്കരിക്കുന്നു. അഞ്ചരമണിക്കു ഗുഹദ്വാരത്തിലുള്ള അൾത്താരയിൽ പൂജ ആരംഭിച്ചാൽ 9 മണിവരെ ഇടവിടാതെ തുടന്നുകൊണ്ടിരിക്കുന്നു. ഇതുപോലെതന്നെ പള്ളിയിലെ എല്ലാ ബലിപീഠങ്ങൾക്കും മണിവരെ ഒഴിവുണ്ടാവുക അപൂർവ്വമാണ്. മുൻപറഞ്ഞ കൊന്തനമസ്കാര സമയത്തുതന്നെ മുറയ്ക്കു രണ്ടും മൂന്നും വണ്ടികൾ വീതം ഗുഹയ്ക്കു സമീപമുള്ള കുളിപ്പുരയുടെ അഴിയ്ക്കകത്തു പ്രവേശിക്കുന്നു. അവിടെ കരിങ്കല്ലുകൊണ്ടുണ്ടാക്കിയിട്ടുള്ള ൧൦ കുളങ്ങളാണുള്ളത്. അവയിൽ ആറു, സ്ത്രീകൾക്കും കുട്ടികൾക്കുമായിട്ടും മൂന്നു, പുരുഷന്മാർക്കായിട്ടുമുള്ളവയാണ്. സ്ത്രീകൾക്കായിട്ടുള്ള കുളിമുറിയിൽ കുലീനകളായ സ്ത്രീകൾ വേണ്ട ശുശ്രൂഷകൾ ചെയ്യുന്നതുപോലെ പുരുഷന്മാർക്കായുള്ളിടത്തു ബ്രാൻകാർഡിയർ എന്നു നാമമുള്ള കുലീനന്മാരായ പുരുഷന്മാർ വേണ്ട ശുശ്രൂഷകൾ ചെയ്യുന്നു. ഈ ബ്രാൻകാർഡിയർമാരുടെ സംഖ്യ അഞ്ഞൂറിലധികമാണ്. അവർ പ്രതിഫലം കൂടാതെ വേലചെയ്യുന്നു. അവരുടെ നായകനാണു ലൂർദിലെ പോലീസുകമ്മിഷണർ എന്നു പറയാം. പക്ഷെ ബീററൻതടിയും മറ്റും പ്രയോഗിക്കയില്ലെന്നുമാത്രമല്ല, അധികഭാഗം കല്പനകളും നൽകുന്നത് ആംഗ്യംമൂലമാണ്. ഇവരുടെ ആപ്പീസു പള്ളിയോടു ചേർന്നാണ്. ഇവക്കുപുറമേ ഓരോ തീർത്ഥയാത്രാസംഘത്തിലും അനേകം വാളണ്ടിയറൻമാരുമുണ്ടായിരിക്കും. അവരും രോഗികളെ എടുത്തുകൊണ്ടുപോകുക കുളിപ്പിക്കുക മുതലായ ജോലികൾ ബ്രാൻകാർഡിയർ തലവന്റെ നിശ്ചയംപോലെ ചെയ്യുന്നു.

ഞങ്ങളുടെ കൂട്ടത്തിൽ റോമിൽ പഠിച്ചിരുന്ന അമേരിക്കൻ കോളജിലെ ചില ശെമ്മാശ്ശന്മാരും അവരുടെ അവധിക്കാലം ലൂർദിൽ വന്നു ബ്രാൻ

കാർഡിയരിൽ ചേൎന്ന നല്ല സമരീത്തൻെറ ജോലിയിൽ ഏൎപ്പെട്ടു വ്യയം ചെയ്യുന്നതായിക്കണ്ടു. കുളിപ്പുരയുടെ വാതുക്കൽ ഓരോ രോഗികളും അവരുടെ അവസരം കാത്തിരിക്കുന്നു. അഴിക്കകത്തും പുറത്തും നിന്നു് അവരുടെ ബന്ധുമിത്രാദികൾ അവൎക്കുവേണ്ടി കൂട്ടമായി പ്രാൎത്ഥിക്കുന്നു. ഞങ്ങളും കുളിച്ചതുകൊണ്ടു കുളിയുടെ വിധം മനസ്സിലായി. കുളിമുറിയിലേക്കു കയറിക്കഴിഞ്ഞാൽ ഉടുപ്പുകൾ മാറി ഒരു തുണി ഉടുപ്പിക്കും. അതുകഴിഞ്ഞു രണ്ടു ബ്രാൻകാർഡിയന്മാർ ഇരുകൈകളിലും പിടിച്ചു കുളത്തിൻെറ നടയിലേക്കാനയിക്കുന്നു. നാലു നടയിറങ്ങുമ്പോൾ വെള്ളത്തിലായി. ആ സമയം ചില ജപങ്ങൾ ചൊല്ലിത്തരും. ഒടുവിലത്തെ ജപം തീരുമ്പോൾ അവരിരുവരുംകൂടി കുളിക്കാൻ ചെന്നിരിക്കുന്ന ആളിനെ മലൎത്തി വെള്ളത്തിലേക്കു മുക്കുന്നതും കരസ്ഥ വയ്ക്കുന്നതും ഒന്നിച്ചു കഴിയും. ഓരോകുളത്തിലുമുള്ള വെള്ളം ദിവസത്തിൽ ഒരു പ്രാവശ്യമാമാറെറ മാറുകയുള്ളു. രോഗം ഇല്ലാത്തവൎക്കു കുളിക്കണമെങ്കിൽ പ്രത്യേക ശിപാൎശവേണം. പകരുന്ന രോഗികളും അല്ലാത്തവരും ഒരു കുളത്തിൽ ഒരേവെള്ളത്തിൽ കുളിക്കുന്നെങ്കിലും ഒരുത്തൎക്കും രോഗം പകൎന്നിട്ടുള്ളതായോ ലൂർദ്ദിൽ ഒരു പകൎച്ചവ്യാധി ഉണ്ടായിട്ടുള്ളതായോ കേട്ടുകേൾവിപോലുമില്ല. വെള്ളത്തിൻെറ നിറം കണ്ടാൽ കാലു കഴുകാൻപോലും മടിതോന്നും. പക്ഷെ അനേകായിരം പേർ കുളിച്ചതിനുശേഷം ആ വെള്ളത്തിൽ നിന്നു ഓരോ കോപ്പ കുടിക്കുന്നവരുണ്ടെന്നു പറഞ്ഞാൽ വിശ്വസിക്കാൻ വിഷമം. പക്ഷെ ലൂർദിൽ ചെല്ലുന്നവരുടെ വിശ്വാസതീഷ്ണത അറിയാവുന്നവർ അതിശയിക്കയില്ല. കുളികഴിഞ്ഞാൽ ദേഹം തുടക്കുക എന്ന പതിവു് അവിടെയില്ല. നനഞ്ഞിരിക്കുന്ന പാടേ ഉടുപ്പുമിട്ടു പൊയ്ക്കൊള്ളണം. ഞാൻ കുളിക്കാൻ ചെന്നപ്പോൾ ശക്തിയായ ജലദോഷമുണ്ടായിരുന്നു. കുളികഴിഞ്ഞപ്പോൾ വളരെ ആശ്വാസമുണ്ടായി.

കുളിയോടുകൂടി പലർ സുഖം പ്രാപിക്കുന്നുണ്ടു്. എന്നാൽ അധിക ഭാഗംസുഖപ്രാപ്തിയും നാലുമണിക്കുള്ള വിശുദ്ധ കുബ്ബാനയുടെ പ്രദക്ഷിണ സമയത്താണുണ്ടാകുന്നതു്. ഗുഹയുടെ മുമ്പിൽ നിന്നു് വിശുദ്ധകുബ്ബാനയുടെ പ്രദക്ഷിണം പുറപ്പെട്ടു പള്ളിമുററത്തു എത്തുമ്പോഴേക്കും രോഗികളെയെല്ലാം അവിടെ വൃത്താകൃതിയിൽ വണ്ടികളിൽ കിടത്തിയിരിക്കും. നില്ക്കാൻ പാടുള്ളവർ നില്ക്കും. അവരുടെ ചുററിലും കൊന്തയുമേന്തി അവൎക്കുവേണ്ടി പ്രാൎത്ഥിച്ചുകൊണ്ടു് ബന്ധുമിത്രങ്ങൾ നില്ക്കുന്നു. വിശുദ്ധ കുബ്ബാന ആഘോഷമായി എഴുന്നള്ളിച്ചു പള്ളിമുററത്തു എത്തിക്കഴിയുമ്പോൾ അവിടെ നടക്കുന്ന ഹൃദയഭേദകമായ പ്രാൎത്ഥന വൎണ്ണിപ്പാനസാദ്ധ്യം. അധികം ഇംഗ്ലീഷ്കാരും ഫ്റഞ്ചുകാരുമായിരുന്നതിനാൽ "കൎത്താവേ! അനുഗ്രഹിക്ക, ഞങ്ങളുടെ കൎത്താവീശോമിശിഹായെ നിന്നിൽ ഞങ്ങൾ വിശ്വസിക്കുന്നു—ശരണപ്പെടുന്നു. നിന്നെ ഞങ്ങൾ സ്നേഹിക്കുന്നു. ഭൂലോകദോഷഹീനംചെയ്യുന്ന ദിവ്യചെമ്മരിയാട്ടിൻകുട്ടി! ഞങ്ങളെ അനുഗ്രഹിക്ക, കൎത്താവേ! നീ സ്നേഹിക്കുന്നവൻ രോഗിയായിരിക്കുന്നു. കൎത്താവേ! നീ ഒരു വചനം മാത്രം പറക. ഞങ്ങൾക്കു സുഖം കിട്ടും. കൎത്താവേ! ഞങ്ങൾക്കു കാഴ്ച തരിക. കൎത്താവേ! ഞങ്ങൾക്കു കേൾവി തരിക. കൎത്താവേ! ഞങ്ങളെ നടത്തുക. ലൂർദ്ദമാതാവേ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്ക. ഞങ്ങളുടെ രാജ്യത്തെ അനുഗ്രഹിക്ക. വി. ബെൎണ്ണർദീത്താ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കുക" എന്നിത്യാദി ജപങ്ങൾ മുമ്മൂന്നു പ്രാവശ്യം വിതം ഒരു ഇംഗ്ലീഷ്കാരനച്ചനും ഫ്റഞ്ചുകാരനച്ചനും അവരവരുടെ ഭാഷയിൽ അത്യുച്ചത്തിലുംഎരിവോടും ചൊല്ലിക്കൊടുക്കയും അവിടെ കൂടിയിരുന്ന ജനതതി അവരേ തുടൎന്നു ചൊല്ലുകയും ചെയ്യുന്നതു് ആദ്യം കാണുമ്പോൾ കണ്ണുനീർ ചിന്താത്തവരായി വല്ലവരുമുണ്ടാകുമെന്നു വിശ്വസിക്കാൻ എൻെറ അനുഭവം സമ്മതിക്കുന്നില്ല. ഇതെഴുതുന്ന ഈ അവസരത്തിലും ആ സ്വരം ഞാൻ കേൾക്കുന്നതുപോലെ എനിക്കു തോന്നുന്നു. അതു ഞാൻ മറക്കുമെന്നും എനിക്കു തോന്നുന്നില്ല. കുരുടന്മാരും മുടന്തന്മാരും, ചെകിടന്മാരും, തളൎവാതക്കാരും ക്ഷയക്കാരും, കുഷ്ഠരോഗികളും എന്നുവേണ്ട മനുഷ്യശക്തിയാൽ സുഖപ്രാപ്തി അസാദ്ധ്യമെന്നു വൈദ്യന്മാർ പറഞ്ഞിട്ടുള്ള

അഞ്ഞൂറിലധികം രോഗികളെ ഞങ്ങൾ കണ്ടു. മുൻപറഞ്ഞപോലെ അച്ചന്മാർ ജപങ്ങൾ ചൊല്ലുമ്പോൾ വി. കുർബാന എടുത്തിരിക്കുന്ന വൈദികൻ— മിക്കപ്പോഴും ഒരു കർദ്ദിനാളോ മെത്രാനോ ആയിരിക്കും— ഓരോ രോഗിയുടെ അടുക്കലും ചെന്ന് വിശുദ്ധ കുർബാനയുടെ വാഴ്വ നൽകുന്നു. ആ നിമിഷത്തിൽ സുഖപ്പെടുന്നവരും ധാരാളമുണ്ട്. ആ വൈദികന്റെ പിമ്പിലായി ഡോക്ടറന്മാർ നടക്കുന്നു. പതിനഞ്ചും ഇരുപതും വലിയ ഡോക്ടറന്മാർ സാധാരണ കാണും. ലൂർദ്ദിൽ തന്നെ രോഗികളെ പരിശോധിക്കുന്നതിനുള്ള ഒരു മെഡിക്കൽ ബോർഡുണ്ട്. അതിൽ പ്രസിദ്ധന്മാരായ അഞ്ഞൂറോളം ഡോക്ടറന്മാരെ അംഗങ്ങളായി ചേർത്തിട്ടുണ്ട്. പ്രതിവർഷം ലോകത്തിന്റെ നാനാഭാഗങ്ങളിൽ നിന്നുമായി ആയിരത്തിൽ പരം ഡോക്ടറന്മാർ ലൂർദ്ദിൽ വന്നു ഈ അത്ഭുത സുഖപ്രാപ്തികൾ പരീക്ഷിക്കുന്നുണ്ട്.

# ഒരു ദയനീയ  ചിത്രം.

(ശ്രീമാൻ കെ. ടി. ലോനപ്പൻ.)

അയ്യോ! നാം കാണ്മതിതെന്തു പാർലോക
വല്ലഭനും വസ്ത്രിച്ചുതള്ളിക്കവേന! (ഹരേ?
കാണുന്നോർമാനസം കല്ലാകിലുമിതു
കാണുകിൽ കഷ്ടമലിഞ്ഞുപോകും!
കാരിരുമ്പാകിലുമീവിധം പീഡക-
ളോരുമ്പോഴുൾത്തടം ഭസ്മമാകും!
മാനുഷജാതിയിലൊരാൻ കുരിശിന്മേൽ
മാനവിഹീനനായ് തൂങ്ങീടുന്നു!
ചേണാർന്നമാനുഷരൂപമിധന്യനിൽ
കാണുന്നില്ലാ ലവലേശംപോലും.
മർത്ത്യരൊരുത്തരുമിത്തരം കൃത്യമീ-
യുത്തമചിത്തനിൽ ചെയ്യുകില്ല.
വല്ലഭകോമളമായുള്ള മേനിയി-
ലില്ലമുറിപ്പെടാതുള്ള ഭാഗം!
തങ്കംപോലുള്ളാത്തിരുമുഖം ചോരയാ-
ലങ്കിതമായിതാ കണ്ടിടുന്നു!
ദുഷ്ടമൃഗങ്ങളാൽ ദഷ്ടമായുള്ളൊരു
ശിഷ്ടദേഹത്തെപോലാകുന്നെന്നോ?
അല്ല മൃഗങ്ങൾതാനാകിലുമിത്തരം
വല്ലായ്മ മർത്ത്യനിൽ ചെയ്യുകില്ല.
കൂർത്തുള്ളമുള്ളുകൾ തിങ്ങിയ വല്ലിയാൽ
തീർത്തൊരുമുൾമുടി മൂർദ്ധാവിങ്കൽ,
ചേർത്തുറപ്പിച്ചതു മൂലമൊഴുകുന്നു
ചോർത്തുംചോർത്തും നിണധാരയായി.
നീണ്ടുചുരുണ്ട വാർകുന്തളംചോരയിൽ
പൂണ്ടുണങ്ങീട്ടുപോലെകാണ്മൂ!
ശോണിതമിറ്റിറ്റു നെറ്റിയിൽനിന്നയ്യോ
വീണിതാകണ്ണിണമൂടിടുന്നു!
അക്ഷികൾരണ്ടുമടച്ചും ശിരസ്സുതൻ
ദക്ഷിണാംസത്തിലേക്കൊട്ടുചായ്ച്ചും
വീണമൃദുവാംവാർമുഖമേറ്റവും
വീങ്ങിവിളറിയും കണ്ടിടുന്നു!
വാടിവരണ്ടേറ്റം കൂടിയിരിക്കുന്ന
മോടികലർന്നുള്ള ചുണ്ടുകളും
ചോരപുരണ്ടുള്ള ശ്മശ്രുക്കളും കണ്ടാൽ
ക്രൂരനും പാരം മനസ്സലിയും.
ശ്രീലസിച്ചുള്ള കപോലം ചതഞ്ഞാകെ
നീലക്കാർവർണ്ണത്തെപ്പൂണ്ടിരിപ്പൂ.
രക്തം പുരണ്ടുള്ളോരസ്ഥികളുമിതാ
വ്യക്തമായ് കാണുന്നു മെയ്യിലെങ്ങും
ഏറ്റവും മാലേകുമേറുമാറായ് മുറി-
വേറ്റിതാ കാണുന്നു മാറിടവും;
ആഴമേറും മുറിവായതിൽ നിന്നയ്യോ
വീഴുന്നു ശോണിതം മാരിപോലെ!
എന്തിനു ചോരയും നീരുമേവം പാരം
ചിന്തീടുന്നീ സുധി പാരിടത്തിൽ?
ഹാ! ഹന്ത! കഷ്ടമിപ്പൂമൃദുമേനിയിൽ
ക്രൂരമാമായുധമേല്പിച്ചതാർ?

## വേദപാരഗനായ

# വി. യോഹന്നാൻ ക്രൂസ്.

(റവ. ഫാദർ വില്യം സി. ഡി. എം. ഏ. എൽ. റി.)

ഒന്നാമത്തെ നിഷ്പാദുക കർമ്മലീത്താ സന്യാസിയും, കർമ്മലസഭാ നവീകരണത്തിൽ അമ്മത്രേസ്യായുടെ സഹായിയുമായ വി. യോഹന്നാൻ ക്രൂസ് ഭാഗ്യമരണം പ്രാപിച്ചിട്ടു മൂന്നുവൎഷം തികഞ്ഞ 1891-ൽ പല കർദ്ദിനാളന്മാരും സ്പെയിനിലെ മെത്രാന്മാരെല്ലാവരും ഈ വിശുദ്ധനെ തിരുസഭയുടെ മല്പാനായി പ്രഖ്യാപനം ചെയ്യണമെന്നു ഭാഗ്യസ്മരണാർഹനായ ൧൩-ാം ലെയോൻ മാർപ്പാപ്പാ തിരുമനസ്സിലെ സന്നിധിയിൽ അപേക്ഷ സമർപ്പിച്ചു. അതിന്റെ ശേഷവും പല സന്യാസസഭാശ്രേഷ്ഠന്മാരും, കത്തോലിക്കാ സൎവ്വകലാശാലാധികൃതന്മാരും ഇതേ അപേക്ഷ തന്നെ തിരുസിംഹാസനത്തിങ്കലേക്കു അയച്ചുകൊണ്ടിരുന്നു. കടശിയായി വി. യോഹന്നാനെ പുണ്യവാനെന്നു നാമകരണം ചെയ്തിട്ടു ഇരുനൂറുവൎഷം പൂർത്തിയായ 1926-ൽ നിഷ്പാദുക സഭക്കാരുടെ പൊതുത്തലവൻ പ്രസ്തുത സഭയുടെ പൊതുസംഘത്തിന്റെ ഏകാഭിപ്രായമായ ഈ അപേക്ഷ തന്നെ ഇപ്പോൾ ഭാഗ്യമായി വാഴുന്ന നമ്മുടെ പരിശുദ്ധ പിതാവ് ൧൧-ാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സിലെ അടുക്കൽ സമർപ്പിച്ചു. അദ്ദേഹം ഇതു സംബന്ധിച്ചു റീത്തുകളുടെ തിരുസംഘത്തിന്റെ അഭിപ്രായം ചോദിക്കയും, ആ തിരുസംഘത്തിലെ എല്ലാ കർദ്ദിനാളന്മാരുടെയും അഭിപ്രായം അനുകൂലമായിരുന്നതനുസരിച്ച് 1926 ആഗസ്റ്റ് 24-ാംനു- പരസ്യം ചെയ്ത തിരുവെഴുത്തുവഴി വി. യോഹന്നാനെ തിരുസഭയുടെ മല്പാനായി നിശ്ചയിച്ചുവിളംബരം ചെയ്കയും ചെയ്തു.

ഈ വിശുദ്ധ വേദപാരഗന്റെ കൃതികളിൽ പ്രധാനപ്പെട്ടവ, കർമ്മലമലകയററം, അന്ധകാരമയമായ രാത്രി, ജീവനുള്ള സ്നേഹജ്വാല, ആത്മീയഗാനം ആദിയായവയാണ്. ഈ കൃതികളിലെല്ലാം രഹസ്യദൈവശാസ്ത്രതത്വങ്ങളാണ് അടങ്ങിയിരിക്കുന്നതു്. പുണ്യസാംഗോപാംഗം പ്രാപിച്ച് ഇഹലോകത്തിൽ വെച്ചുതന്നെ ദൈവത്തോടു യോജിക്കുന്നതിനുള്ള മാൎഗ്ഗങ്ങളെ ചൂണ്ടിക്കാണിക്കുന്ന ഈ പുസ്തകങ്ങൾ പുണ്യത്തിൽ അഭിവൃദ്ധി പ്രാപിക്കുന്നതിനു ആഗ്രഹിക്കുന്നവൎക്കു വളരെ ഉപകാരപ്രദങ്ങളാണ്. രഹസ്യദൈവശാസ്ത്രം സംബന്ധിച്ച കാൎയ്യങ്ങളിൽ ഈ വിശുദ്ധന്റെ കൃതികൾ മാൎഗ്ഗദർശികളായിട്ടുണ്ട് ഇരിക്കുന്നതു്. ഇതുനിമിത്തം വി. യോഹന്നാനെ രഹസ്യദൈവശാസ്ത്രത്തിന്റെ മല്പാനായിട്ട് പ്രത്യേകം നാമകരണം ചെയ്തിരിക്കുന്നു.

ലൗകികവസ്തുക്കളെ പൂൎണ്ണമായി പരിത്യജിക്കുന്നതിനു വി. യോഹന്നാനെപ്പോലെ ഫലസിദ്ധിപൂൎവ്വം ഉപദേശിക്കുന്ന വേറെ ഒരു വേദപാരഗനും ഉണ്ടോ എന്നു തോന്നുന്നില്ല. ദൈവമല്ലാത്തതു് എല്ലാം പൂൎണ്ണമായി പരിത്യജിക്ക എന്ന തത്വം ഈ വിശുദ്ധന്റെ ജ്ഞാനശാസ്ത്രത്തിന്റെ എല്ലാം അടിസ്ഥാനമായിരുന്നു. ഈ പാഠത്തിനു അനുരൂപമായി ജീവിക്കുന്നവർ പുണ്യപൂൎണ്ണതയുടെ അഗ്രത്തിൽ പ്രവേശിക്കാതിരിക്ക അസംഭവ്യമാണ്. ഈ വിശുദ്ധൻ ദൈവിക കാൎയ്യങ്ങൾ വളരെ ശ്രേഷ്ഠമായി പ്രതിപാദിച്ചിരിക്കയാൽ ഇദ്ദേഹത്തെ വി. ദെനീസ് അറയോപ്പെജീത്തായോടു ചിലർ താരതമ്യപ്പെടുത്തുന്നുണ്ട്. ഭാഷാരീതിയുടെ വിശിഷ്ടതയിൽ പുതിയ വേദപാരഗൻ വി. ദെനീസിനെയും കടന്നിട്ടുണ്ടെന്നു പറയാം. ഈ വിശുദ്ധനെ ഭാഗ്യവാൻ എന്നു നാമകരണം ചെയ്യേണ്ടതിനു ചെയ്ത പരിശോധനയിൽ റീത്തുകളുടെ തിരുസംഘം ഇദ്ദേഹത്തിന്റെ കൃതികളിൽ അത്യുന്നതങ്ങളായ ജ്ഞാനശാസ്ത്രങ്ങളാണു കാണുന്നതെന്നും വേദപുസ്തകത്തിലല്ലാതെ ഇതിനു ശരി അത്ഭുതകര സംഗതികൾ കാണാനില്ലെന്നും പ്രസ്താവിച്ചിരിക്കുന്നു.

എന്നാൽ ഇദ്ദേഹത്തിന്റെ ജ്ഞാനം പഠിച്ചറിഞ്ഞതല്ലാ; പ്രത്യുത ദൈവനിവേശിതമായിരുന്നു എന്നു പ്രത്യേകം എടുത്തു പറയേണ്ടതായിട്ടുണ്ട്. ഇദ്ദേഹം പ്രസംഗം തയ്യാറാക്കുന്നതിനാകട്ടെ, തന്റെ കൃതികൾ എഴുതുന്നതിനാകട്ടെ മറ്റു പുസ്തകങ്ങൾ തുറന്നു വായിക്കുന്നതു ഒരുത്തരും കണ്ടിട്ടേ ഇല്ലാ. ഇതു നിമിത്തമാണു തിരുസഭ ഈ വിശുദ്ധനേക്കുറിച്ചുള്ള ജപത്തിൽ "വി. ത്രേസ്യായേപ്പോലെ ദൈവരഹസ്യങ്ങളെ വ്യാഖ്യാനിക്കുന്നതിൽ ദൈവത്താൽ പ്രകാശിതനായിരുന്നു എന്നും, താൻ രഹസ്യദൈവശാസ്ത്രം സംബന്ധിച്ചു സ്വർഗ്ഗീയ നിവേശനസംപൂർണ്ണമായ പുസ്തകങ്ങൾ എഴുതിയിരിക്കുന്നു" എന്നും പ്രസ്താവിച്ചിട്ടുള്ളതു്.

# പൌരസ്ത്യ സഭകളുടെ പുനരൈക്യം.

(ശ്രീമാൻ എൽ. സി. ഐസക്ക് ബി. എ.)

പരിശുദ്ധ കന്യകയുടെ ജനനത്തിരുനാളിൽ മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു 'റേരും ഓറിയൻറാലിയും' എന്ന അഭിധാനത്തിൽ ഒരു പ്രധാനപ്പെട്ട തിരുവെഴുത്തു പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. പൌരസ്ത്യസഭകളെ സംബന്ധിച്ചുള്ള പഠനം അഭിവൃദ്ധിപ്പെടുത്തി 'ഓർത്തഡോക്സു' ശീശ്മക്കാർ കത്തോലിക്കാ സഭയുടെ ഐക്യത്തിൽ ചേരുന്നതിനു മാർഗ്ഗമുണ്ടാക്കുകയെന്നുള്ളതാണ് ഈ തിരുവെഴുത്തിന്റെ ഉദ്ദേശം. ശീശ്മയിലകപ്പെട്ട പൌരസ്ത്യസഭകളുടെ പുനരൈക്യത്തിനായി കത്തോലിക്കാ സഭാമാതാവു ചെയ്തിട്ടുള്ള ശ്രമങ്ങളുടെ സംക്ഷിപ്തമായ ഒരു ചരിത്രം വിവരിച്ചുകൊണ്ടു പതിനൊന്നാം പീയൂസ് മാർപ്പാപ്പാ തന്റെ മുൻഗാമികൾ ഓർത്തഡോക്സു സഭകളെപ്പറ്റി അനുഭാവപൂർവ്വം പഠിക്കുന്നതിനു ചെയ്തിട്ടുള്ള പ്രോത്സാഹനങ്ങളെ ഉദ്ധരിക്കുന്നു. 15-ാം ബനഡിക്ടോസു മാർപ്പാപ്പാ മേൽപറഞ്ഞ ഉദ്ദേശത്തോടുകൂടി പൌരസ്ത്യറീത്തുകൾ മുതലായ സഭാ കാര്യങ്ങൾക്കായി പ്രത്യേകമൊരു തിരുസംഘത്തെ തന്നെ ഏർപ്പെടുത്തി. ഇതിനും പുറമെ റോമ്മായിൽ പൌരസ്ത്യസഭസംബന്ധിച്ച വിഷയങ്ങളുടെ പഠനത്തെ മാത്രം ഉദ്ദേശിച്ചു ഒരു കോളജും സ്ഥാപിച്ചു. ഈ സ്ഥാപനം പ്രശസ്തമായ രീതിയിൽ നടത്തിപ്പോരുന്നു. ഇതിലെ പ്രൊഫസ്സറന്മാർ പലരും ഇന്നത്തെ ലോകവിശ്രുതന്മാരായ പണ്ഡിതന്മാരാണ്.

പൌരസ്ത്യരുടെ മതവിഷയകമായ സ്ഥിതിഗതികളെപ്പറ്റി പാശ്ചാത്യർക്കുള്ള അജ്ഞത കിഴക്കൻ ശീശ്മസഭകളുടെ പുനരൈക്യത്തിനു ഒരു വലിയ പ്രതിബന്ധമാണ്. ഈ ദുർഘടത്തെ തരണം ചെയ്തു പൌരസ്ത്യസഭകളുടെ തിരിച്ചുവരവിനു വേണ്ട എല്ലാ ശ്രമങ്ങളും ചെയ്യണമെന്നു മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു ആഗ്രഹിക്കയും എല്ലാവരേയും ഉപദേശിക്കുകയും ചെയ്യുന്നു. പൌരസ്ത്യ ശീശ്മസഭകൾ വിഭിന്നങ്ങളായ റീത്തുകൾ സ്വീകരിക്കുന്നെങ്കിലും അവയിൽ പലതും കത്തോലിക്കാ സഭയുടെ ജീവൽ തത്വങ്ങളെ ഉപേക്ഷിച്ചിട്ടില്ല. സമർത്ഥന്മാരായ വിദ്യാർത്ഥികളെ തെരഞ്ഞെടുത്തു റോമിലെ പൊന്തിഫിക്കൽ ഓറിയൻറൽ ഇൻസ്റ്റിട്യൂട്ടിലേക്കു അയക്കണമെന്നു പരിശുദ്ധ പിതാവു എല്ലാ മെത്രാന്മാരോടും കല്പിക്കുന്നുണ്ട്. അതുപോലെ തന്നെ സെമിനാരികളിൽ പൌരസ്ത്യശാസ്ത്രപഠനങ്ങൾ ഏർപ്പെടുത്തുവാനും അ

വശ്യപ്പെടുന്നു. ക്രിസ്തുവിൻെറ അനുഗാമികളാകുവാൻ ആഗ്രഹമുള്ള സകലരും ഒരു ഇടയൻെറ കീഴിൽ ഒരു തൊഴുത്തിൽ വന്നുചേരണമെന്നുള്ള പ്രാൎത്ഥനയോടുകൂടി തിരുവെഴുത്തവസാനിപ്പിക്കുന്നു.

ഓർത്തഡോക്സു സഭകൾ പല കത്തോലികാചാരങ്ങളും നടപടികളും ഇപ്പോഴും ഉപേക്ഷിച്ചിട്ടില്ല. എന്നാൽമാപ്പാപ്പായുടെ അധികാരനിഷേധമാണു് അവരുടെ ശീശ്മയുടെ പ്രധാനകാരണം. ജനസംഖ്യയിൽ ഓർത്തഡോക്സു സഭാംഗങ്ങൾ 15 കോടിയോളമുണ്ടു്. റഷ്യാ, റുമേനിയാ, ബൾഗേറിയാ, ഹങ്കറി, ഗ്രീസ്, ഈജിപ്തു്, ഏഷ്യാമൈനർ എന്നീ പ്രദേശങ്ങളിലാണു അവർ അധികമുള്ളതു്. എല്ലാകൂട്ടരും പൊതുവായി അനുസരിക്കുന്നതോ അംഗീകരിച്ചിട്ടുള്ളതോ ആയ അദ്ധ്യക്ഷൻ അവൎക്കില്ല. എണ്ണത്തിൽ ആകെ 16 പൌരസ്ത്യസഭകളുണ്ടു്. കൊൺസ്റ്റന്റിനോപ്പിൾ, അലക്സാന്ത്രിയാ, അന്തിയോക്കിയാ, ജറുസലേം എന്നിങ്ങനെ 4 പാത്രിയൎക്കീസന്മാർ മേലദ്ധ്യക്ഷന്മാരായുമുണ്ടു്. ഏതെങ്കിലും ഒരു പ്രോട്ടസ്റ്റൻറു സഭാവിഭാഗം കത്തോലിക്കാസഭയോടു ചേരുന്നതിൽ നിഷ്പ്രയാസം സാധിക്കാവുന്നതാണു് പൌരസ്ത്യസഭയുടെ പുനരൈക്യം. പൌരസ്ത്യസഭകൾ എല്ലാംതന്നെ എഫേസൂസ്, കാൽസിഡൻ എന്നീ സൂനഹദോസുകളെ അംഗീകരിക്കുന്നുണ്ടു്. എന്നാൽ ഒൻപതാം നൂറ്റാണ്ടിൽ ആരംഭിച്ച ഫോഷ്യസിൻെറയും പതിനൊന്നാം നൂററാണ്ടിലെ ചെറുലേറിയസിൻെറയും ശീശ്മകൾമൂലം അവർ കത്തോലിക്കാ സഭയുടെ ഐക്യത്തിൽനിന്നു വേർപെടുത്തപ്പെട്ടു. പൌരസ്ത്യശീശ്മസഭകളെപ്പററി അനുഭാവപൂൎവ്വം കൂടുതൽ മനസ്സിലാക്കുന്നതിനു പരിശുദ്ധപിതാവു ചെയ്യുന്ന ശ്രമം ഈ സഭകളുടെ പുനരൈക്യത്തിനുള്ള ചില തടസ്സങ്ങളെ നീക്കുമെന്നു ആശിക്കാം.

# സിഡ്നി ദിവ്യകാരുണ്യമഹാസഭ

(റവ. ഫാദർ സൈമൺ സി. ഡി.)

സെപ്ററംബർ ൧-ാംനു- മുതൽ നാലുദിവസത്തേക്കു ഓസ്ത്രേലിയായിൽ നടന്ന ദിവ്യകാരുണ്യമഹാസഭയെ കുറിക്കമ്പിമാൎഗ്ഗം ലഭിച്ച ചുരുങ്ങിയ വൎത്തമാനങ്ങൾ മാത്രമാണല്ലൊ കഴിഞ്ഞതവണ കുസുമത്തിൽ പ്രസിദ്ധപ്പെടുത്തിയിരുന്നതു്. പിന്നീടു കിട്ടിയ വിവരംകൊണ്ടു സിഡ്നി കോൺഗ്രസ് ചിക്കാഗോയെത്തന്നെയും ജയിച്ചിട്ടുണ്ടെന്നാണു കാണുന്നതു്. പത്തുലക്ഷത്തോടടുത്തു ജനങ്ങൾ ഇതിൽ സംബന്ധിച്ചതായി കണക്കാക്കിയിരിക്കുന്നു. അറുനൂറിൽപ്പരം പട്ടക്കാരും, എൺപതോളം മെത്രാന്മാരും ഈമഹാമഹത്തിൽസംബന്ധിച്ചതുതന്നെ, അമ്പതുകൊല്ലം മുമ്പുള്ള ഓസ്ത്രേല്യായിലെ കത്തോലിക്കരുടെനിലയാലോചിച്ചാൽ അത്ഭുതജനകമാണെന്നു പറയണം. കത്തോലിക്കു വൈദികൎക്കു പ്രവേശനംപോലുമില്ലാതിരുന്ന ഈ ചെറുഭൂഖണ്ഡത്തിൽ മാപ്പാപ്പാതിരുമനസ്സിലെ പ്രതിനിധിയുടെ നേതൃത്വത്തിൽ നടത്തിയ വിസ്മയാവഹമായ ഘോഷയാത്ര അകത്തോലിക്കരെ ആകമാനം സംഭ്രമിപ്പിക്കുതന്നെ ചെയ്തു. എല്ലാ രാജ്യങ്ങളിൽനിന്നും പ്രതിനിധികൾ കോൺഗ്രസ്സിൽ സംബന്ധിച്ചിരുന്നു. വിവിധഭാഷകളിൽ നിൎവ്വഹിക്കപ്പെട്ട യോഗനടപടികൾതന്നെ കത്തോലിക്കാസഭയുടെ സൎവ്വവ്യാപകത്വത്തിൻെറ ഒരു ഉൽസ്പഷ്ടലക്ഷ്യമായിരുന്നു.

ഓസ്ത്രേലിയായിലെ ജനസംഖ്യ മുതലായവയെ പരിഗണിക്കുമ്പോൾ സിഡ്നികോൺഗ്രസ്സ്, ചിക്കാഗോ, മോണ്ട്റീയൽ എന്ന സ്ഥലങ്ങളിലെ മഹാ

സംഘത്തെ പോലും ജയിച്ചിരിക്കുന്നു എന്നാണ് പരിശുദ്ധ പിതാവു തിരുമനസ്സുകൊണ്ടു കോൺഗ്രസ്സിനയച്ച അന്തിമ സന്ദേശത്തിൽ പ്രകടമായി പ്രസ്താവിച്ചിരിക്കുന്നതു്.,, ഇവിടെ ഞാൻ കണ്ട തരത്തിലുള്ള ഒരു കാഴ്ച ഇനി ഒരിക്കലും കാണാനിടയാകുമെന്നു ഞാൻ വിചാരിക്കുന്നില്ല,, എന്നു മാർപ്പാപ്പാതിരുമനസ്സിലെ പ്രതിനിധിയായ കാർഡിനൽ ചെറേത്തി തിരുമനസ്സുകൊണ്ടു് അവസാനദിവസത്തിൽ സഗൽഗദം പ്രസ്താവിക്കയുണ്ടായി.


"വീയന്നാ, റോമ്മാ, ലൂർദ്ദ്, മാഡ്രിഡ്, ചിക്കാഗോ എന്ന സ്ഥലങ്ങളിലെ കോൺഗ്രസ്സുകളിൽ ഞാൻ സംബന്ധിച്ചിട്ടുണ്ട്. സിഡ്നിയിലെ ജനസംഖ്യ ആലോചിച്ചാൽ, പലതുകൊണ്ടും സിഡ്നി കോൺഗ്രസ്സ് മേല്പറഞ്ഞവയെ എല്ലാം പിമ്പിലാക്കിയിരിക്കുന്നുഎന്നു പറയാം" എന്നു റ്റൈയിനിൽനിന്നുവന്ന ഒരു മെത്രാൻ അഭിപ്രായപ്പെട്ടിരിക്കുന്നു.

കാലാവസ്ഥയും ഏററം അനുകൂലപ്രദമായിരുന്നു. മഴയുടെ ശല്യം ലേശംപോലുമുണ്ടായില്ലെന്നുള്ളതു വലിയ അനുഗ്രഹമായിട്ടാണു് തീന്നതു്. പോലീസിൻെറ സഹകരണം ഉൎജ്ജസ്വലമായിരുന്നു. 1000 സ്പെഷ്യൽ പോലീസിനെ ഗവൎമ്മെൻറിൽനിന്നു് സമാധാനപരിപാലനത്തിനായി നിയോഗിച്ചിട്ടുണ്ടായിരുന്നു. പോലീസ്കമ്മീഷണർ മിസ്റ്റർ മിച്ചൽ, കോൺഗ്രസ് അവസാനത്തിൽ പ്രസിദ്ധപ്പെടുത്തിയ ഒരു ഔദ്യോഗിക പ്രസ്താവനയിൽ "ഇത്ര സമാധാനപരമായി സകലവും പര്യവസാനിച്ചതിൽ ഓസ്ട്രേലിയൻ ജനതയെ അഭിനന്ദിക്കുന്നു" എന്നുപ്രസ്താവിച്ചിട്ടുണ്ടു്. ആകപ്പാടെ ൨൯-ാമത്തെ ദിവ്യകാരുണ്യ മഹാസഭ പ്രതീക്ഷയെ കവിഞ്ഞു മംഗളമായിട്ടുതന്നെ കലാശിച്ചതിൽ ദിവ്യകാരുണ്യകൎത്താവിനു കൃതജ്ഞതാസ്തോത്രം ചെയ്യേണ്ടിയിരിക്കുന്നു.

---

# വിശുദ്ധ ഫിലോമേനാ.

(ബ്രദർ തോമസ്.)



ക്രിസ്തുമതവിദ്ധ്വംസനത്തിനായി നിരന്തരയത്നം ചെയ്തുവന്ന ഡയൊക്ലേഷ്യൻ ചക്രവൎത്തിയുടെ കാലത്താണു് ഈ പുണ്യവതി രക്തസാക്ഷി മകുടം പ്രാപിച്ചതെന്നു മാത്രമേ ഈ അത്ഭുതകന്യകയുടെ ആദ്യചരിത്രംസംബന്ധിച്ചു നിശ്ചയമായി അറിയപ്പെടുന്നുള്ളു. ചക്രവൎത്തിയുടെ ആജ്ഞാനുസരണം ഫിലോമേനാ കാരാഗൃഹത്തിൽ അടയ്ക്കപ്പെട്ടു. അവിടെ കഠിനമായ അനേക പീഡനകൾ അവൾ സഹിക്കേണ്ടതായിവന്നു. ഈ അവസരത്തിൽ പരിശുദ്ധ കന്യക തൻെറ തിരുക്കുമാരനെ കരങ്ങളിൽ വഹിച്ചുകൊണ്ടു് അവിടെ പ്രത്യക്ഷപ്പെട്ടു്, അവളുടെ ദുഃഖങ്ങളും, കഷ്ടപ്പാടുകളും മൂന്നു ദിവസത്തിനുള്ളിൽ അവസാനിക്കുമെന്നും, ധൈര്യത്തോടുകൂടി ദൈരുക്കങ്ങളെ സഹിക്ക

ന്നതിന് സഹായിപ്പാൻ മുഖ്യദൂതനായ ഗബ്രിയേലിനെ അവളുടെ പക്കലേക്ക അയക്കമെന്നും അരുളിച്ചെയ്തു.

സ്വർഗ്ഗനാഥ വീണ്ടും അരുളിച്ചെയ്തു: "എനിക്ക് അത്യന്തം പ്രിയമുള്ള മകളെ! ധൈര്യമായിരിക്കുക. നീ എല്ലാവരെക്കാളും എനിക്ക് അത്യധികം ഇഷ്ടമുള്ളവളാണ്. എന്തുകൊണ്ടെന്നാൽ നീ എന്റേയും, എന്റെ കുമാരന്റേയും, നാമമാണ് വഹിക്കുന്നത്. നിന്റെ ദിവ്യമണവാളനായ എന്റെ പുത്രനെ 'വെളിച്ച'മെന്നും, 'നക്ഷത്ര'മെന്നും, 'സൂര്യനെ'ന്നും വിളിക്കുന്നു. അപ്രകാരംതന്നെ എന്നെയും 'ഉഷസ്സെന്നും' 'താരമെന്നും' 'തിങ്കളെ'ന്നും വിളിക്കുന്നില്ലയോ? നീ 'ലൂമേനാ' അഥവാ വെളിച്ചം എന്നു വിളിക്കപ്പെടുന്നു. ഞാൻ നിന്റെ പരിരക്ഷക ആയിരിക്കും. ഇതു മാനുഷികമായ ബലഹീനതയുടേയും, അവമാനത്തിന്റേയും സമയമാണ്; എന്നാൽ ഞെരുക്കങ്ങളുടെ നാഴികവരുമ്പോൾ നിനക്ക് വേണ്ടുന്ന ശക്തിയും വരപ്രസാദവും ലഭിക്കും. നിന്റെ കാവൽ ദൂതനെ കൂടാതെ, കർത്താവിന്റെ ശക്തനെന്ന് അർത്ഥനാമമുള്ള ഗബ്രിയേൽ മുഖ്യദൂതനും നിന്റെ പാർശ്വത്തുണ്ടായിരിക്കും. ഞാൻ ഭൂമിയിൽ ആയിരുന്നപ്പോൾ അയാൾ എന്റെ പരിരക്ഷകനായിരുന്നു. ഈ അവസരത്തിൽ ഞാൻ അയാളെ എന്റെ പ്രിയ പുത്രിയുടെ പക്കലേക്ക അയയ്ക്കും." ഈദൃശങ്ങളായ ആശ്വാസവചനങ്ങൾ ഉച്ചരിച്ചശേഷം സൌഭാഗ്യപരിപൂർണ്ണമായ സുഗന്ധത്തെ സർവ്വത്ര വീശിക്കൊണ്ട് ആ സ്വർഗ്ഗീയകാഴ്ച മറഞ്ഞു.

കന്യകയും, അത്ഭുത പ്രവർത്തകയും ആയ ഈ രക്തസാക്ഷിണിയുടെ പരിശുദ്ധ രക്തം, നേപ്പിൾസിൽനിന്നു അധികം ദൂരമല്ലാത്തതും, നോലാരൂപതയിൽ പെട്ടതുമായ മുഞ്ഞാനോ എന്ന പട്ടണത്തിലെ ദേവാലയത്തിലുള്ള ഒരു പീഠത്തിൽ സ്ഫടികനിർമ്മിതമായ ഒരു പാത്രത്തിൽ നിക്ഷേപിക്കപ്പെട്ടിരിക്കുന്നു. ചേതസ്സമാകർഷകമായി അലങ്കരിച്ചിട്ടുള്ള അ പീഠത്തിലെ മണ്ഡപം നേപ്പിൾസിലെ രാജ്ഞിയും, അരുളിക്കാ അസ്ത്രിയായിലെ മരിയാ തെരേസാ രാജ്ഞിയും സമ്മാനിച്ചതാണ്. രക്തം ദ്രാവകമായിട്ടല്ല ഇരിക്കുന്നത്. ഉണങ്ങിയതും, ധൂമ്രവർണ്ണത്തോടു കൂടിയതുമത്രെ. സ്വർണ്ണം, വെള്ളി, മാണിക്യം, മരതകം മുതലായ വിശിഷ്ട സാധനങ്ങൾ രക്തത്തോടുകൂടി കലർന്നു കാണപ്പെടുന്നു. ചില അവസരങ്ങളിൽ രക്തം കറുപ്പുവർണ്ണത്തെ പ്രാപിക്കാറുണ്ട്. അതോടു അടുത്തു സംഭവിപ്പാനിരിക്കുന്ന എന്തെങ്കിലും അനിഷ്ടസംഭവത്തെയാണ് ഈ നിറം മാററം പ്രദ്യോതിപ്പിക്കുന്നതെന്നു പറയപ്പെടുന്നു. പീയൂസ് നവമൻ 1855 ജനുവരി മാസത്തിൽ പ്രഖ്യാപനംചെയ്ത ഒരു തിരുവെഴുത്ത് വഴിയായി വി. ഫിലൊമേനായുടെ തിരുരക്തത്തിന്റെ പരസ്യ വണക്കത്തെ അനുവദിക്കയും, സ്ഥിരീകരിക്കയും ചെയ്തു. എന്നാൽ പരിശുദ്ധ പിതാവ് പുണ്യവതിയുടെ പരിശുദ്ധ രക്തത്തെ വണങ്ങുകയിൽ അതു കറുപ്പു നിറമായി കാണപ്പെട്ടു. ഏറെ താമസിയാതെ തിരുമേനിക്കു നേരിട്ട അനിഷ്ട സംഭവങ്ങളുടെ മുന്നറിയിപ്പായിരുന്നു അതെന്നു പിന്നീടു വിശദമായി.

നിരീശ്വരന്മാരും പാഷണ്ഡികളും ഈ സംഭവങ്ങൾ അവാസ്തവങ്ങളെന്നോ, അസംഭാവ്യങ്ങളെന്നോ പറഞ്ഞേക്കാം. ഒരു പക്ഷേ ഇത് കേവലം ഉന്മാദംകൊണ്ടോ, മതവിഭ്രാന്തികൊണ്ടോ, പറയുന്നതാണെന്നും സമർത്ഥിച്ചേക്കാം. എന്നാൽ ഇതിനുള്ള ഏക സമാധാനം, അവർ മുഞ്ഞാനോവിലേക്ക് ഒരു യാത്രകഴിക്കുകയാണെങ്കിൽ, ഇവയുടെ പാരമാർത്ഥ്യം സ്വന്തനയനങ്ങൾകൊണ്ടുതന്നെ കണ്ടുമനസ്സിലാക്കാൻ കഴിയും എന്നതാണ്. ഉക്ത്യാതീതങ്ങളായ സംഭവങ്ങളുടെ യാഥാർത്ഥ്യത്തെ സ്വന്ത നയനങ്ങൾകൊണ്ട് വീക്ഷിക്കുന്നതിനേക്കാൾ കൂടുതൽ തെളിവുണ്ടാകാനില്ലല്ലോ.

റോമിലെ ഭൂഗർഭാലയത്തിലെ വിശുദ്ധയുടെ ശവകുടീരം 1803 ൽ ഖനനം ചെയ്തുനോക്കിയപ്പോൾ കണ്ടത് ഏതാനമസ്ഥികൾമാത്രമായിരുന്നു. പ്രസ്തുത തിരുശേഷിപ്പുകളെ ലഭിക്കുന്നതിനായി ഫ്രാൻസിസ് ഡി. ലൂചിയാ എന്ന വൈദികൻ പല അവസരങ്ങളിലും റോമിലെ അധികൃതന്മാരോട് അപേക്ഷിക്കയുണ്ടായി. ദീർഘകാലത്തെ നൈരാശ്യത്തിന് ശേഷമാണ് അദ്ദേഹത്തിന്റെ ആഗ്രഹം സഫ

ലമായത്. പൊത്തേൻസിയായിലെ മെത്രാനും, ഇദ്ദേഹവുംകൂടി തിരുശേഷിപ്പുകളുമായി നേപിൾസിൽ എത്തുകയും അവിടെവെച്ചു മെഴുകുകൊണ്ടു പുണ്യവതിയുടെ ഒരു ഏകദേശപ്രതിമയുണ്ടാക്കി തിരുശ്ശേഷിപ്പുകൾ അതിൽസ്ഥാപിച്ചു മുഞ്ഞാനോയിലേക്ക് കൊണ്ടുപോകയുമാണുണ്ടായത്. ആ കൊല്ലം തന്നെ സെപ്റ്റംബർമാസത്തിൽ അതു ഒരു പ്രത്യേക അൾത്താരമേൽ പ്രതിഷ്ഠിച്ചു. ഈ പ്രതിമയിൽ പിന്നീട്ട അത്ഭുതകരമായ പല മാററങ്ങൾ സംഭവിക്കയുണ്ടായി. അത് ഭദ്രമായിപൂട്ടിമുദ്രവച്ചുസൂക്ഷിച്ചിരിക്കയായിരുന്നു. ആരുംഅതിൽതൊട്ടകപോലും ചെയ്തിരുന്നില്ലെന്നുമാത്രമല്ല, മുദ്രകൾക്ക് യാതൊരുകേടും സംഭവിച്ചുമില്ല. കൂടാതെയും താക്കോൽ നേപ്പിൾസിലെ മെത്രാൻെറ പക്കലുമായിരുന്നു.

ഇങ്ങനെയിരിക്കയിലാണ് ഇതഃപരം വിളറിയ നിറത്തോടുകൂടിയിരുന്ന പ്രതിമയുടെ മുഖത്തു് ഒരു ചൈതന്യവും ദീപ്തിയും പ്രത്യക്ഷമായത്. ശുഷ്കസ്ഥിതിയിൽ ഇരുന്ന കേശങ്ങൾ സമൃദ്ധമായി. വിശ്വാസികളുടെ പരസ്യവണക്കസമയത്തു് നിന്നിമേഷമായിരുന്ന പ്രതിമയുടെ നയനങ്ങൾ ചലിച്ചിരുന്നു. 1841 മെയ് 17-ാം തീയതി അത്ഭുതകരമായ വേറൊരു സംഭവവും നടന്നു. അനേകായിരം തീൎത്ഥയാത്രക്കാർ കൂടിയിരുന്ന ആ അവസരത്തിൽ പ്രതിമ തന്നത്താൻ നീങ്ങുകയും, എല്ലാവൎക്കും ലഘുസാദ്ധ്യമായി കാണത്തക്കവിധത്തിൽ സ്വയം ഉയൎന്നു പ്രതിഷ്ഠിതമാകയുംചെയ്തു. കൂടാതെ ചില അവസരങ്ങളിൽ ചുണ്ടുകൾ അടയ്ക്കുകയും, തുറക്കുകയും ചെയ്യുന്നതു് കാണാമായിരുന്നു. ൧൮൦൦-ൽ കാർഡിനൽ ദഫെ സെല്ലാ വി. ഫിലോമേനായുടെ ദേവാലയത്തിന്, ഈ വിശുദ്ധയുടെ ഒരു രൂപം സമ്മാനിക്കുകയുണ്ടായി. പ്രദക്ഷിണാവസരത്തെ ഉദ്ദേശിച്ചത്രെ ഇതു് നൽകപ്പെട്ടതു്. ൧൮൨൭-ൽ ആഘോഷമായ ഒരു പ്രദക്ഷിണാവസരത്തിൽ പ്രതിമയുടെ മുഖത്തു് അസാധാരണമായ ഒരു കനകദ്യുതി വ്യാപിച്ചു. പ്രതിമ സാക്ഷാൽ ജീവനുള്ളതുപോലെയും പ്രത്യക്ഷപ്പെട്ടു. അടുത്ത ദിവസം നെററിത്തടത്തിൽ സ്വേദകണങ്ങൾ കണ്ടുതുടങ്ങി; നയനങ്ങൾ ദീപ്തിമത്തുക്കളായി. വൈദികമേലദ്ധ്യക്ഷന്മാരും ലൌകികാധികാരികളും വേണ്ട പരീക്ഷണങ്ങളും പരിശോധനകളും കഴിച്ചു പ്രസ്തുത സംഭവത്തിൻെറ യാഥാൎത്ഥ്യത്തിനും അസാധാരണത്വത്തിനും സാക്ഷ്യം നൽകിയിട്ടുണ്ട്.

ഇൻഡ്യയിൽ മൈസൂർ രാജ്യത്തു ഈ അത്ഭുതകന്യകയുടെ ഭക്തി വളരെപ്രചരിച്ചിട്ടുണ്ട്. ഇംഗ്ലീഷിലും തമിഴിലും ഉള്ള വിശുദ്ധയുടെ ജീവചരിത്രങ്ങൾ, തിരുശ്ശേഷിപ്പുകളിൽ സ്പൎശിച്ചിട്ടുള്ള പടങ്ങൾ ചരടുകൾ മുതലായവ അവിടുത്തെ സെൻറ് ജോസഫ്സ് ദേവാലയത്തിൻെറ വികാരിയുടെ പക്കൽ സ്റ്റാമ്പുസഹിതം അപേക്ഷിച്ചാൽ പാരിതോഷികമായിലഭിക്കാവുന്നതാണ്. മനോഗുണാപേക്ഷകൾ, ഉപകാരസ്മരണാകത്തുകൾ മുതലായവയും അദ്ദേഹത്തിൻെറപേൎക്കു അയച്ചുകൊടുക്കുന്നതായാൽ അതുകൾ തിരുശേഷിപ്പു നിക്ഷേപിച്ചിരിക്കുന്ന അവിടത്തെ പീഠത്തിൽ വയ്ക്കുന്നതായിരിക്കും. മനോഗുണാൎത്ഥികളുടെ നിയോഗാനുസരണം മാസത്തിൽ ഒരുകുൎബാനയും അവിടെ ചൊല്ലുന്നതാണെന്നുള്ളതു് പ്രത്യേകം സ്മൎത്തവ്യമായിട്ടുണ്ട്.

---

## മനോഗുണവിവരങ്ങൾ.

വെറും തെററിദ്ധാരണ നിമിത്തം ആറുമാസക്കാലത്തോളം നരകപിശാചിനോടെന്നപോലെ എന്നോടു വൎത്തിച്ചുവന്ന എൻെറ സഹോദരനെ എന്നോടു രമ്യപ്പെടുത്തിയ വി. കൊച്ചുത്രേസ്യായ്ക്കു ഉപകാരസ്മരണ.

പുത്തൻപള്ളി.

വി. യൌസേപ്പുപുണ്യവാൻേറയും വി. കൊച്ചുത്രേസ്യാപുണ്യവതിയുടേയും സഹായത്താൽ എൻെറ സഹോദരിക്കു ഒരു അസാദ്ധ്യകാൎയ്യം സാധിച്ചതിനു ഉപകാരസ്മരണ.

പി. ഡി. തോമ എഞ്ചിനീയർ.

# ആർസ്സിലെ
# വികാരിയുടെ വേദപാഠക്ലാസ്സ്.

## വ്യ. പ്രാർത്ഥനയുടെ മാഹാത്മ്യം.

(റവ. ആർ. പി.)

ക്രിസ്തീയനായ ഒരുവൻെറ നിക്ഷേപം ഭൂമിയിലല്ല, പിന്നെയോ, അതു സ്വർഗ്ഗത്തിലാകുന്നു. നമ്മുടെ നിക്ഷേപം എവിടെയോ അവിടെ നമ്മുടെ ചിന്തയുമായിരിക്കും. ദൈവത്തോടു അപേക്ഷിക്കയെന്നതും തന്നെ സ്നേഹിക്കയെന്നതും മനുഷ്യരായ നമ്മെ സംബന്ധിച്ചേടത്തോളം എത്ര മഹനീയമായ കൃത്യങ്ങളാകുന്നു! പ്രാർത്ഥനയെന്നതു് ദൈവത്തോടുള്ള നമ്മുടെ ആത്മാവിൻെറ ഐക്യമത്രെ. നമ്മുടെ ഹൃദയം നിഷ്കളങ്കമായിരിക്കയും, ദൈവൈക്യത്തിൽ അതു വർദ്ധിക്കയും ചെയ്യുമ്പോൾ എത്ര വലിയ ആനന്ദമാണ് നമുക്കു അനുഭവസിദ്ധമാകുന്നതു്! പ്രാർത്ഥനവഴിയായുള്ള ഈ ഐക്യത്തിൽ ദൈവവും, മനുഷ്യാത്മാവും, ഉരുക്കി യോജിപ്പിച്ച രണ്ടു മെഴുകുതുണ്ടുകൾക്കു സമമാകുന്നു. ഹാ! സർവ്വശക്തനായ ദൈവവും ബലഹീനനായ മനുഷ്യനും തമ്മിലുള്ള ഈ ഐക്യം എത്ര വിസ്മയാവഹം! എത്ര ഹൃദയാവർജ്ജകം! ഈ മഹാ ഭാഗ്യത്തിൻെറ മാഹാത്മ്യം പൂർണ്ണമായി ഗ്രഹിക്കാൻ അല്പബുദ്ധികളായ നമ്മൾ കേവലം അശക്തർ തന്നെയെന്നു സമ്മതിച്ചേ തീരു. ഈ മഹാദാനത്തിനു യാതൊരു അർഹതയും നമുക്കില്ല. ദൈവം തൻെറ അനന്തമായ കരുണയാൽ അതു നമുക്കു നൽകിയിരിക്കുന്നെന്നേയുള്ളു. ദൈവസന്നിധിയിൽ നമ്മുടെ ആത്മാവു ഏററം നിസ്സാരമാകുന്നു. എന്നാൽ ജപമാണ് അതിനെ വികസിപ്പിച്ച് ദൈവത്തെ സ്നേഹിക്കുന്നതിനു പര്യാപ്തമാക്കി ചെയ്യുന്നതു്.

ജപം സ്വർഗ്ഗരാജ്യത്തിൻെറ ഒരു ഛായയാണെന്നു പറയാം. കാരണം അതു സദാ നമുക്കു ആനന്ദത്തെ പ്രദാനം ചെയ്യുന്നു; മധുവിനുസമം ആത്മാവിനു മാധുര്യം നൽകുന്നു. മഞ്ഞുകട്ടിയെ സൂര്യകിരണങ്ങൾ എന്നപോലെ നമ്മുടെ സകല ക്ലേശങ്ങളേയും അതു നിവാരണം ചെയ്യുന്നു. പ്രാർത്ഥനയിൽ സമയം എത്ര വേഗം ഓടിപ്പോകുന്നതു്! അതു നാം അറികതന്നെയില്ല. പല പുണ്യാത്മാക്കളും ജലത്തിൽ മത്സ്യങ്ങൾ എന്നവിധം പ്രാർത്ഥനയിൽ സസന്തോഷം നീന്തിവിഹരിക്കുന്നു. അവരത്രെ ദൈവത്തെപ്രതിമാത്രം ഇഹലോകത്തിൽ ജീവിതം നയിക്കുന്നവർ. ലൌകികമായ ഒരു ചിന്തയും അവർക്കില്ല. ആകയാൽ ഇവരെയല്ലയോ നമ്മുടെ അനുകരണീയ പാത്രങ്ങളായി നാം സ്വീകരിക്കേണ്ടതു്! വി. ഫ്രാൻസീസും, കൊളേററയും മററു പലരും തമ്മിൽതമ്മിൽ സംസാരിക്കുന്നതുപോലെ പ്രാർത്ഥനയിൽ ദിവ്യരക്ഷകനോടു അഭിമുഖമായി സംസാരിച്ചിരുന്നു. എന്നാൽ നമ്മുടെ കഥയോ? എത്ര തവണ യാതൊരു വിചാരവുമില്ലാതെ നാം പള്ളിയിൽ പോകുന്നു. എന്തിനായിട്ടു അവിടെ പോകുന്നുവെന്നും, എന്താണ് അപേക്ഷിക്കേണ്ടതെന്നും പലപ്പോഴും നമുക്കു രൂപമില്ല. കഷ്ടം! ഇത്ര അശ്രദ്ധയോടെ നമ്മുടെ ഒരു സ്നേഹിതൻെറ ഗൃഹത്തിൽ പോലും നാം പോവുകയില്ല. ചിലർ ജപിക്കുന്നതു കണ്ടാൽ, വല്ലതും രണ്ടുവാക്കു പറഞ്ഞു ആ ഭാരം ഒഴിക്കയാണെന്നു തോന്നിപ്പോകും. എന്നാൽ ദിവ്യരക്ഷകനെ ആരാധിക്കുന്നതിനായി നാം ദേവാലയത്തിൽ പ്രവേശിക്കുമ്പോൾ എന്തു നന്മയാണ് തന്നിൽ നിന്നും നമുക്കു ലഭിക്കാൻ പാടില്ലാത്തതുള്ളതു്? എന്നാൽ അതിനു സജീവമായ വിശ്വാസവും, നിഷ്കളങ്കമായ ഹൃദയവും നമുക്കു അപരിത്യാജ്യമാകുന്നു.

പ്രിയപ്പെട്ടവരെ, ദിവ്യവും മിശിഹീയവുമാ

യ രണ്ടു ധ്വനികൾ നമ്മളിലുണ്ട്. അവയിൽ ദിവ്യമായതു ജപവും മൃഗീയമായതു പാപവുമാകുന്നു. പ്രാർത്ഥനയിൽ അലസത പ്രദർശിപ്പിക്കുന്നവർ ലോകമായകളിൽ കുടുങ്ങി ഒരു മൂഷികനെപ്പോലെ അവയിൽ ഒളിച്ചു താമസിക്കുന്നു. അവരുടെ ചിന്ത സദാ ലൗകികവും മൃഗീയവും തന്നെ. അവരുടെ കഥ പണ്ടത്തെ ലുബ്ധൻറതിനു സമമാണ്. ഒരിക്കൽ ആസന്നമരണനായ ഒരു ലുബ്ധനിൽ അനുതാപചിന്ത ഉളവാക്കുന്നതിനായി ഒരു കുരിശുരൂപം കാണിപ്പുകൊടുത്തു. എന്നാൽ കഷ്ടം! ആ നിർഭാഗ്യൻ അതു വാങ്ങിക്കൊണ്ടു പറഞ്ഞതിപ്രകാരമായിരുന്നു "നല്ലഫലം. ഈ വെള്ളി പത്തു പന്ത്രണ്ടു രൂപാത്തൂക്കമുണ്ടല്ലോ"

ജപത്തിന്റെ മാഹാത്മ്യത്തെക്കുറിച്ചു എന്തു പറയട്ടെ. സ്വർഗ്ഗത്തിൽ ദൈവാരാധനയില്ലെങ്കിൽ അതൊരിക്കലും സ്വർഗ്ഗമല്ല. നരകവാസികൾക്കു ജപം ചെയ്വാൻ കഴിയുമെങ്കിൽ നരകമെന്ന നാമം നിരർത്ഥകം തന്നെ. പ്രാർത്ഥനയുടെ വൈശിഷ്ട്യം നരകവാസികൾ പൂർണ്ണമായി ഗ്രഹിക്കുന്നതിപ്പോഴാകുന്നു. ഒരു നിമിഷം പോലും പ്രാർത്ഥിക്കുന്നതിനു അനുമതി ലഭിക്കുമെന്നുണ്ടെങ്കിൽ നിത്യകാലം അവർ അതു പാർത്തിരിക്കുമായിരുന്നു. എന്നാൽ എന്തു ചെയ്യാം! ദൈവത്തെ സ്നേഹിക്കുന്നതിനു പര്യാപ്തമായ ഒരു ഹൃദയവും അങ്ങേക്കു സ്തുതി പാടുന്നതിനു ശക്തമായ നാവും അവർക്കുണ്ടായിരുന്നു. ഇപ്പോൾ അവരുടെ അവയുടെ ഉപയോഗസമയം കടന്നുപോയി.

ജപങ്ങളിൽ പ്രധാനം ദിവ്യരക്ഷകന്റെ ജപം അഥവാ കർത്തൃപ്രാർത്ഥനയാകുന്നു. 'ആകാശങ്ങളിൽ ഇരിക്കുന്ന ഞങ്ങളുടെ ബാവായേ' എന്നു നാം സംബോധന ചെയ്യുന്നതു' ദൈവത്തെയത്രെ. നമുക്കൊരു പിതാവു സ്വർഗ്ഗത്തിലുണ്ടെന്നുള്ളതു എത്ര ആനന്ദപ്രദായകമാണ്! 'നിന്റെ രാജ്യം വരണമെന്ന്' നാം ചൊല്ലുമ്പോൾ, നമസ്കാരമായ ആ ദൈവത്തിനു നമ്മുടെ ഹൃദയത്തിന്റെ ഭരണം ഭരമേല്പിക്കണം. അപ്രകാരം ഇഹത്തിൽ നാം ചെയ്യുന്നതായാൽ പരത്തിൽ അങ്ങയോടുകൂടെ ഭരണം നടത്തുന്നതിനുള്ള ഭാഗ്യം നമുക്കു ലബ്ധമാകും. ഭൂലോകത്തിൽ ദൈവേഷ്ടം അനുവർത്തിക്കുന്നതിൽ കൂടുതലായ ഏതു പുണ്യകൃത്യമാണുള്ളതു? നമ്മുടെ പ്രവൃത്തികൾ പരിപൂർണ്ണമായി തീരുന്നതിനു അവയെ ദൈവഹിതാനുസരണം ചെയ്തുകൊണ്ടാൽ മാത്രം മതി. ഇതാണു 'നിന്റെ തിരുമനസ്സു ആകാശത്തിലേപ്പോലെ ഭൂമിയിലുമാകട്ടെ' എന്ന പദങ്ങളുടെ അർത്ഥം 'ഞങ്ങളുടെ അന്നന്നയപ്പം ഇന്നു ഞങ്ങൾക്കു തരിക' എന്നതും എത്ര അർത്ഥസമ്പൂർണ്ണമായിരിക്കുന്നു! മനുഷ്യൻ ആത്മാവും ശരീരവും ചേർന്നുള്ള ഒരു സൃഷ്ടിയാണല്ലോ. ശാരീരികമായ പോഷണസാധനങ്ങൾ അതായതു, നമുക്കു ആവശ്യമായ അന്നപാനാദികൾ നാം യാചിക്കുമ്പോൾ, ദൈവം ഭൂമിയിൽ അവയെ ഉല്പാദിപ്പിക്കുന്നു. എന്നാൽ ആത്മീയമായ ഭക്ഷണം നാം അഭ്യർത്ഥിക്കുമ്പോഴോ? ഇതാ ദൈവം തന്നെ ഭക്ഷണമായി സ്വയം നമുക്കു പ്രദാനം ചെയ്യുന്നു. അതേ പരിശുദ്ധ കുർബാനവഴിയായി അവിടുന്നു നമ്മുടെ ആത്മാക്കളെ സംതൃപ്തിപ്പെടുത്തുന്നു. തന്നിമിത്തമത്രെ ദിവ്യരക്ഷകൻ നമ്മോടു ഇപ്രകാരം അരുളിച്ചെയ്യുന്നതു: 'എന്റെ ശരീരം ഭക്ഷ്യമാകുന്നു; ലോകത്തിനു ജീവനായി ഞാൻ തരുന്ന അപ്പം എന്റെ ശരീരം തന്നെയാകുന്നു.'

ഇപ്രകാരം നമ്മുടെ ആത്മശരീരങ്ങൾക്കു ആവശ്യമായ സകലവും ലഭിക്കുന്നതിനു ജപം അത്യന്താപേക്ഷിതമാകുന്നു. നമ്മുടെ ദിവ്യരക്ഷകൻ പറയുന്നതുതന്നെ കേട്ടാലും. 'ചോദിപ്പിൻ നിങ്ങൾക്കു നല്കപ്പെടും.' ഇതു മാത്രമൊ അവിടുന്നു തന്നെ, ജപിക്കേണ്ടതു എങ്ങനെയെന്നു നമ്മെ പഠിപ്പിക്കുകയും, നിത്യം ചൊല്ലുന്നതിനായി തന്റെ തിരുവായൊഴിഞ്ഞു 'ആകാശങ്ങളിൽ ഇരിക്കുന്ന' എന്ന ജപം അരുളിച്ചെയ്കയും ചെയ്യുന്നു. തന്നിമിത്തം മേലാൽ ജപത്തിൽ നമുക്കു പൂർവ്വാധികം ശുഷ്കാന്തി പ്രദർശിപ്പിക്കാം.

# രാജാവിന്റെ ചെന്നാക്കുട്ടി.

(ശ്രീമാൻ തോമ്മസ് ചാണ്ടി മുക്കാടൻ.)

അയർലണ്ടിലെ ബാലപുണ്യവതിയെന്നപരനാമമുള്ള വി. ബ്രിജീത്താമ്മയുടെ കാലത്തു ഐർലണ്ടിലെ രാജാവിന് നന്നായി ഇണങ്ങിയതായ ഒരു ചെന്നാക്കുട്ടി ഉണ്ടായിരുന്നു. വന്യജന്തുവാണെങ്കിലും ഇണക്കവും സൌന്ദര്യവും ഒത്തു കളിയാടിക്കൊണ്ടിരുന്നതിനാൽ ഇതിനെ അരമനയുടെ പരിസരത്തുള്ള ഉദ്യാനത്തിൽ നടന്നുല്ലസിക്കുന്നതിനായി പലപ്പോഴും തുറന്നുവിടുക പതിവായിരുന്നു. ഒരുദിവസം എങ്ങിനെയോ അതു് ഉദ്യാനപാലകന്മാരുടെ ഉദാസീനത നിമിത്തം തോട്ടത്തിന്റെ മതിൽ ചാടി പുറത്തുപോയി. തോട്ടസൂക്ഷിപ്പുകാർ ഈ കാര്യം അറിഞ്ഞതേയില്ല.

സാധു കുടിയാന്മാരുടെ രക്ഷയെ ഉദ്ദേശിച്ച് വന്യജന്തുക്കളെ വെടിവെച്ച് രാജാവിന്റെസമക്ഷം കൊണ്ടുവരുന്ന ആളിന് എന്തെങ്കിലും സമ്മാനം കൊടുക്കുക എന്നൊരു സമ്പ്രദായം അക്കാലത്തു് അയർലണ്ടിൽ നടപ്പുണ്ടായിരുന്നു. രാജാവിന്റെ ചെന്നാക്കുട്ടി പുറത്തിറങ്ങി ഓടിക്കളിച്ചുകൊണ്ടിരിക്കുമ്പോൾ അതിലെ വന്ന ഒരു വില്ലാളി, രാജസമ്മാനം വാങ്ങുന്നതിനുള്ള ഭാഗ്യപ്പെട്ട അവസരം ഇതുതന്നെയെന്നു കരുതി, അതിനെ ശീഘ്രം തന്റെ അമ്പിനു ലക്ഷ്യമാക്കിത്തീർത്തു. വില്ലാളി മൃഗത്തെയും വഹിച്ചുകൊണ്ടു രാജസന്നിധിയിൽചെന്നു ഭക്തിപൂർവ്വം നമസ്കരിച്ചശേഷം സമ്മാനത്തിനായി അഭ്യർത്ഥിച്ചു. അപ്പോഴാണു കൊല്ലപ്പെട്ട മൃഗം തന്റെ ഓമനപ്പണ്ടമായ ചെന്നാക്കുട്ടിയാണെന്നു് രാജാവു് അതിന്മേലുള്ള തന്റെ മുദ്രകണ്ടു ഗ്രഹിച്ചതു. തൽക്ഷണം അദ്ദേഹം കോപിഷ്ഠനായി ഘാതകനെ ജയിലിലേല്പിക്കയും അടുത്തദിവസം തൂക്കിക്കൊല്ലുന്നതിനു കല്പനയാകയുമാണു ചെയ്തതു.

വില്ലാളിക്കു പററിയ വിപത്തിന്റെ വിവരം കർണ്ണാകർണ്ണികയാ വേഗത്തിൽ നാടാകെ പരന്നു. അവിടെ അടുത്തായി ഒരു ചെറുകുടിലിൽ ധ്യാനത്തിലും സുകൃതാഭ്യാസത്തിലും മുഴുകി വസിച്ചിരുന്ന പുണ്യബാലികയായ വി. ബ്രിജീത്താമ്മ എങ്ങിനെയോ ഈ വാർത്ത ഗ്രഹിച്ചു. നിരപരാധിയായ വില്ലാളിയുടെ അപകടസ്ഥിതിയോർത്തു് അവൾ ഖേദിക്കയും ഏതെങ്കിലും പ്രകാരത്തിൽ അയാളെ രക്ഷിക്കുന്നതിന് വേണ്ട മാർഗ്ഗദർശനം ലഭിക്കുവാൻ ദൈവത്തോടു പ്രാർത്ഥിക്കയും ചെയ്തു. 'നീ ഉടനെ പുറപ്പെട്ടു് കൊട്ടാരത്തിലേക്കു പോകുക. നിന്റെ ആഗ്രഹനിവൃത്തിക്കു വേണ്ട ആനുകൂല്യങ്ങൾ ആകാശങ്ങളിലിരിക്കുന്ന അനുഗ്രഹവാനായ നമ്മുടെ പിതാവ് അപ്പോൾ നൽകിക്കൊള്ളും.' എന്ന് ആരോ അവളോടു പറയുന്നതുപോലെ തോന്നി. തദനുസരണം പുണ്യവതി രാജകൊട്ടാരത്തിലേക്കു പുറപ്പെട്ടു.

കുറേവഴി ചെന്നപ്പോൾ ഒരു വെളുത്ത ചെന്നാക്കുട്ടി പുണ്യവതിയുടെ പുറകേ ഓടിയെത്തുന്നു. അതിനെയുംകൊണ്ടു ഭാഗ്യപ്പെട്ടവൾ അരമനയിലെത്തുകയും, വെളുത്ത ചെന്നക്കുട്ടിയെ കണ്ടപ്പോൾ രാജാവു അത്യന്തം പ്രസാദിക്കയും ചെയ്തു. വി. ബ്രിജീത്താ അതിനെ രാജാവിനു കാഴ്ചവെച്ചു അപേക്ഷിച്ചതോടുകൂടെ വില്ലാളിക്കു രാജാവ് മോചനം അനുവദിച്ചു.

സ്വർഗ്ഗീയ രാജാവിന്റെ ഓമനമൃഗങ്ങളായ എത്ര ആത്മാക്കളെയാണു നമ്മുടെ നാവുകൊണ്ടു ഇപ്രകാരം നാം എയ്തു കൊല്ലുന്നതു്. പുണ്യാത്മാക്കളുടെ മാദ്ധ്യസ്ഥം ഇല്ലായിരുന്നെങ്കിൽ പണ്ടേ നാം മരണശിക്ഷയ്ക്കു വിധിക്കപ്പെട്ടുപോയേനേ.

## ൧൱൨൪ വൃശ്ചികമാസത്തിലെ തിരുഹൃദയഭക്തരുടെ

# പൊതുനിയോഗം.

### ക്രിസ്തീയ ആശാനിഗ്രഹം.

'എന്റെ പുറകേ വരുവാൻ മനസ്സാകുന്നവൻ തന്നെത്തന്നെ പരിത്യജിക്കണം' എന്നു ദിവ്യരക്ഷകൻ അരുളിച്ചെയ്തിരിക്കുന്നു. ആദിമാതാപിതാക്കന്മാരുടെ അധഃപതനത്തിനുശേഷം മനുഷ്യന്റെ ഹൃദയം സ്വാഭാവികമായിട്ടെന്നതുപോലെ തിന്മയിലേക്കു ചാഞ്ഞിരിക്കയാണ്. ദൈവപ്രമാണങ്ങളെ കാത്തു നിത്യരക്ഷ പ്രാപിക്കണമെങ്കിൽ, അവൻ ഇടവിടാതെ ആ ചാച്ചിലുകളോട് എതിർത്തു യുദ്ധം ചെയ്യണം. ഇതുതന്നെയാണ് ദിവ്യഗുരു ആവശ്യപ്പെടുന്ന പരിത്യാഗം. ക്രിസ്തീയ ആശാനിഗ്രഹമെന്നു പറയുന്നതും ഇതു തന്നെയാകുന്നു. സ്നേഹം, ദ്വേഷം, ആശ, നിരാശ, ആദിയായ വികാരങ്ങൾ സദാ മനുഷ്യഹൃദയത്തിൽനിന്നു നിർഗ്ഗമിച്ചുകൊണ്ടാണിരിക്കുന്നതു്. അവയെ വേണ്ട വഴിക്കു തിരിച്ചുവിടുന്നതിനു അഭ്യസിച്ചിട്ടുള്ളവൻ ആശാപാശങ്ങളെ ജയിച്ചു; അവയെ അവൻ കീഴടക്കി എന്നുപറയാം. അല്ലാത്തവനെ ആശാപാശങ്ങൾ ജയിച്ചു; അവനെ അവ കീഴടക്കി എന്നു പറയണം.



സ്നേഹവും അതിനെതിരായ ദ്വേഷവും തന്നെയെടുക്കാം. ദൈവത്തേയും സമസൃഷ്ടികളേയും ന്യായാനുസൃതം സ്നേഹിക്കുന്നതിലേക്കു അതിനെ തിരിച്ചുവിട്ടാൽ സ്നേഹം എപ്പോഴും പ്രയോജനകരമായതുതന്നെ. ദൈവത്തിനു അനിഷ്ടമായ വഴികളിലേക്കു അതു കടക്കുമ്പോൾ പാപമായി. അതുപോലെതന്നെ, പാപത്തേയും അതിന്റെ അവസരങ്ങളേയും, അതിന്റെ കാരണക്കാരെയും ദ്വേഷിക്കുമ്പോൾ ദ്വേഷം നമുക്കു ഉപയോഗപ്രദമായ ഒരുപകരണമാകുന്നു. എന്നാൽ നമ്മുടെ സഹോദരങ്ങളുടെയും, ആത്മരക്ഷയ്ക്കു ആവശ്യമായ കാര്യങ്ങളുടെയും നേർക്കാണു നമ്മുടെ ദ്വേഷം തിരിയുന്നതെങ്കിൽ അതു പാപമായിത്തീരുന്നു. അതിനാൽ ആശാപാശങ്ങൾ അവയിൽതന്നെ കുറ്റകരങ്ങളല്ല. അവയെ നിയന്ത്രിക്കുന്ന വിധംകൊണ്ടത്രെ പുണ്യമോ പാപമോ ആയിത്തീരുന്നതു്. വിശ്വാസത്തിന്റെ വെളിച്ചമാണ് ഇപ്രകാരമുള്ള നിയന്ത്രണജോലി നടത്തിക്കൊണ്ടുപോകേണ്ടതു്. ന്യായരഹിതമായ ഒരു വിഷയത്തിലേക്കു നമ്മുടെ ആശകൾ തിരിയുന്നതായി കണ്ടാൽഉടനെ വിശ്വാസം, 'ഇല്ല, പാടില്ല, അതു നേർവഴിയല്ല' എന്നു പറഞ്ഞുകൊടുക്കും. അതിനനുസരിച്ചു പ്രവൃത്തിപ്പാനുള്ള ശക്തിയും ധൈര്യവും മനസ്സിനുണ്ടായാൽ ആശാപാശങ്ങൾകൊണ്ടു നമുക്കു ഒരു കേടും വരുന്നതല്ല. അവയോടു ഇടവിടാതെ ചെയ്യാനുള്ള യുദ്ധമാണു മനുഷ്യനു ലോകത്തിലുള്ള സർവ്വപ്രധാനമായ ജോലി. വിശ്വാസത്താൽ മേല്പറഞ്ഞവിധം അവയെ നിയന്ത്രിക്കാതെ അവയ്ക്കു കീഴ്പെട്ടു പോകുന്നുവെങ്കിൽ മനുഷ്യൻ മൃഗത്തിനു തുല്യനായിത്തീരുന്നു. അവയെ നിഗ്രഹിച്ചു കീഴമർത്തി നിറുത്തിക്കൊണ്ടു പോകുന്നപക്ഷം മനുഷ്യൻ മാലാഖമാർക്കു സദൃശനായിത്തീരുകയാണു ചെയ്യുന്നതു്. ഇതിൽനിന്നു ക്രിസ്തീയ ആശാനിഗ്രഹം നിത്യരക്ഷയ്ക്കു എത്ര ആവശ്യമാണെന്നു വിശദമാകുന്നുണ്ടല്ലോ. ഇപ്രകാരമുള്ള ആശാനിഗ്രഹത്തിന്റെ അഭാവത്താൽ ലോകത്തിനു വന്നുകൂടുന്ന നാശങ്ങളും പ്രത്യക്ഷമാണ്.

ആകയാൽ ഈ വിഷയത്തിലുള്ള ന്യൂനതകൾ തീൎന്ന്, സാക്ഷാലുള്ള ക്രിസ്തീയ ആശാനിഗ്രഹജീവിതം പ്രബലപ്പെട്ടു വരുന്നതിനു തിരുഹൃദയ ഭക്തന്മാർ ഈ മാസത്തിൽ പ്രാൎത്ഥിക്കണം.

ഡിസംബർ.— 'പൌരസ്ത്യസഭകളുടെ പുനരൈക്യം'.

# ക: നാഥയുടെ കുഞ്ഞുമക്കൾക്ക്

## 1. വി. ലൂയിസ് ഗൊൺസാഗാ.

### II. വിശുദ്ധന്റെ ഭാഗ്യമരണം.

പ്രി. കുഞ്ഞുങ്ങളെ,

മാർച്ചു മാസത്തിൽ തുടങ്ങിയ ലൂയിസിന്റെ അന്ത്യരോഗം ജൂൺ മാസംവരെ ദീൎഘിച്ചു. അതിനിടയ്ക്കു പുണ്യവാന്മാക്കടുത്ത പല മാതൃകകൾ വിശുദ്ധൻ നമുക്കു കാണിച്ചുതന്നിട്ടുണ്ട്. പുണ്യവാന്റെ ആത്മപിതാവും, പിന്നീടു കർദ്ദിനാളും, ഇപ്പോൾ ഒരു വന്ദനീയ വേദപാരഗനുമായി എല്ലാവൎക്കും അറിയപ്പെടുന്ന ഫാദർ ബല്ലർമീൻ എന്ന ദേഹവുമായി ആത്മകാൎയ്യങ്ങൾ സംബന്ധിച്ചു പുണ്യവാൻ പലപ്പോഴും സംസാരിക്ക പതിവായിരുന്നു. ഒരിക്കൽ ലൂയിസു അദ്ദേഹത്തോടു ഇപ്രകാരം ചോദിച്ചു: 'പിതാവേ! ശുദ്ധീകരണസ്ഥലം തൊടാതെ മോക്ഷത്തിൽ പ്രവേശിച്ചിട്ടുള്ളവർ അധികമുണ്ടാകുമോ?' 'ഉവ്വ മകനെ! അതിൽ ഒരാൾ നീതന്നെയായിരിക്കയും ചെയ്യും.' ഫാദർ ബല്ലർമിൻ പോയശേഷം പുണ്യവാൻ ഒരു പരവശത്തിലായി. ആ നേരത്തു പരിശുദ്ധ ബാലകനു തന്റെ മരണനേരത്തെപ്പററി അറിവു കിട്ടിയതായി ഊഹിക്കപ്പെടുന്നു. ഏതായാലും അതുമുതൽ വിശുദ്ധ കുൎബാനയുടെ തിരുനാളിന്റെ എട്ടാമിടത്തിൽ താൻ മരിക്കുമെന്നു ഓരോരുത്തരോടു തീൎച്ചയായിപ്പറഞ്ഞുതുടങ്ങി. തന്റെ സഹപാഠിയായ ഒരാൾ മുറിയിലേക്കു കടന്നുവരികയിൽ ആനന്ദപരവശനായി ലൂയീസു ഇങ്ങിനെ വിളിച്ചുപറഞ്ഞു 'കേട്ടില്ലേ സ്നേഹിതാ! ഒരു സന്തോഷ വൎത്തമാനം. ഒരാഴ്ചയ്ക്കകം ഞാൻ മരിക്കുമെന്നു അറിവു കിട്ടിയിരിക്കുന്നു. വരിക, ദൈവത്തിനു സ്തോത്രം ചെയ്യുന്നതിനായി നമുക്കു ഒരു തെദേവും പാടാം.'

ഈ വിധം അത്യാശയോടെ മരണത്തെ കാത്തുകൊണ്ടു വിശുദ്ധൻ കിടന്നിരുന്നു. പുണ്യവാന്റെ അപേക്ഷപ്രകാരം ദിവസേന വൈകുന്നേരം ഒരു സഹോദരൻ ലൂയിസിന്റെ അടുത്തു തൂങ്ങപ്പെട്ടരൂപത്തിനു സമീപേ മുട്ടുകുത്തിക്കൊണ്ടു അനുതാപസങ്കീൎത്തനങ്ങൾ സാവധാനത്തിൽ ചൊല്ലിയിരുന്നു. ഇങ്ങിനെ ദിവസങ്ങൾ കഴിഞ്ഞുപോയി. എട്ടാമിടത്തിന്റെ അവസാനദിവസം രോഗശുശ്രൂഷകനായ സഹോദരൻ മുറിയിൽ വന്നു "എന്താ ലൂയിസേ! ഇന്നല്ലേ എട്ടാമിടം. ഇന്നു പതിവിലധികം സുഖമായിട്ടാണല്ലോ കാണുന്നത്". എന്നു ചോദിച്ചതിനു "കുട്ടേ. എട്ടാമിടം അവസാനിച്ചിട്ടില്ലല്ലോ. ഞാനിന്നു തന്നെ മരിക്കും. കേട്ടോ" എന്നു ലൂയിസു തീൎച്ചയായി ഉത്തരം പറഞ്ഞു. വൈദ്യന്മാൎക്കു ഇതിനെപ്പററി ഒട്ടും വിശ്വാസം ഉണ്ടായില്ലെന്നു മാത്രമല്ല മറുദിവസങ്ങളിലേക്കാൾ രോഗിക്കു കുറെ ആശ്വാസമുള്ളതായിട്ടാണു അവർ അഭിപ്രായപ്പെട്ടതു്. എങ്കിലും ലൂയിസിന്റെ നിൎബന്ധം അനുസരിച്ചു അന്നു തിരുപ്പാഥേയമായി ദിവ്യകാരുണ്യം എഴുന്നള്ളിച്ചു കൊടുത്തു. കോളജിലെ 150-ൽ പരം അംഗങ്ങൾ എല്ലാവരും തദവസരത്തിൽ ഹാജരായിരുന്നു. എല്ലാവരും കണ്ണുനീരോടുകൂടെ പുണ്യബാലനോടു യാത്രപറഞ്ഞു. അന്നുതന്നെ മാൎപ്പാപ്പാ ദീനവിവരം അറിഞ്ഞു പൂൎണ്ണ ദണ്ഡവിമോചനമുള്ള ഒരു ആശീൎവ്വാദം അയച്ചുകൊടു

ത്തു കൈക്കൊള്ളുവാനുള്ള ഭാഗ്യവും ലൂയിസിനുണ്ടായി.

ഇങ്ങനെയിരിക്കെ പ്രൊവിൻസ്യാളച്ചൻ മുറിയിൽ പ്രവേശിച്ചു. "എന്താ ലൂയിസേ? എങ്ങിനെയിരിക്കുന്നു?" "പോകയാണച്ചാ" "എങ്ങോട്ടു്? 'മോക്ഷത്തിലേക്കു്' ഇത്ര ധൈര്യപൂർവ്വമായ മറുപടി അല്പം എളിമക്കുറവല്ലയോ എന്നു ശങ്കിച്ചിട്ടെന്നതുപോലെ പുണ്യവാൻ തുടർന്നു പറയുന്നു. "എന്റെ പാപങ്ങൾ ഒരു തടവാകയില്ലെങ്കിൽ ദൈവത്തിന്റെ അനുഗ്രഹത്താൽ മോക്ഷത്തിൽ പോകുന്നതിനു ഞാൻ ശരണപ്പെടുന്നു" ഒരു പുണ്യവാന്റെ അന്ത്യനേരത്തെ ധൈര്യം കണ്ടു എല്ലാവരും അത്ഭുതപ്പെടുകയും ദൈവത്തിനു സ്തോത്രം ചെയ്യുകയും ചെയ്തു.

രാത്രിയായി പുണ്യവാനോടൊന്നിച്ചു രാത്രികഴിക്കുന്നതിനു പലരും ആഗ്രഹിച്ചു. എങ്കിലും അപകടത്തിന്റെ ലക്ഷണം യാതൊന്നുമില്ലെന്നു വൈദ്യന്മാർ തീർച്ചപറഞ്ഞതനുസരിച്ചു റെക്ടറച്ചൻ ഒന്നുരണ്ടുപേരെയൊഴിച്ചു എല്ലാവരെയും ഉറങ്ങാനയച്ചു. ഫാദർ ബെല്ലർമിൻ പോലും പോകാൻ നിർബന്ധിതനായി. ഉറക്കമിളച്ചിരുന്ന രണ്ടച്ചന്മാരിലൊരാൾ കുറേനേരം രോഗിയോടൊന്നിച്ചിരുന്ന ശേഷം മുറിയുടെ വേറൊരുഭാഗത്തേക്കു കാനോനനമസ്കാരം എത്തിക്കുന്നതിനായി പോയി. പുണ്യവാന്റെ സഹപാഠിയും ആത്മമിത്രവുമായ വേറൊരു അച്ചൻ അരികെ തന്നെയിരുന്നു. ഇടയ്ക്കിടയ്ക്കു അദ്ദേഹം 'എങ്ങനെയിരിക്കുന്നു ലൂയിസേ' എന്നു ചോദിച്ചിരുന്നതിനു പുണ്യവാൻ "ഉറങ്ങിക്കളയരുതേ. ഞാൻ ഇന്നു തന്നെ മരിക്കും." എന്നു മാത്രം ഉച്ചരിച്ചു. "കർത്താവേ, നിന്റെ തിരുക്കരങ്ങളിൽ എന്റെ ആത്മാവിനെ ഞാൻ കയ്യാളിക്കുന്നു" എന്നിത്യാദി സുകൃതജപങ്ങൾ ലൂയിസു തന്നെത്താൻ കൂടക്കൂടെ ചൊല്ലിയിരുന്നു.

പെട്ടെന്നു ഒരു പകർച്ചപോലെ കാണപ്പെട്ടു. ദൂരെ നിന്നിരുന്ന മറ്റേ അച്ചനും ഓടിവന്നു. 'ലൂയിസേ! എന്താ വേണ്ടതു്?' എന്നദ്ദേഹം സാവധാനത്തിൽ ചോദിച്ചതിനു ഇടത്തുവശത്തേക്കു് ഒന്നു ചരിഞ്ഞു കിടക്കണമെന്നു രോഗി ആവശ്യപ്പെട്ടു. മൂന്നുദിവസമായി ആ ഒരു വശം തന്നെ ചാച്ചു കിടന്നിരുന്നതിനാൽ അസഹ്യമായ വേദന അനുഭവിച്ചിരുന്നതുകൊണ്ടാണു പുണ്യവാൻ ഇങ്ങനെ ആവശ്യപ്പെട്ടതു്. ആ അവസരത്തിൽ മാറിക്കിടത്തുന്നതു അപകടമാണെന്നു രോഗശുശ്രൂഷി അഭിപ്രായപ്പെട്ടു നിമിത്തം ആ അന്ത്യഅപേക്ഷ സാധിച്ചുകൊടുപ്പാൻ കഴിഞ്ഞില്ല "ലൂയിസേ! ദിവ്യരക്ഷകന്റെ കുരിശിനെ ഓർത്തുകൊണ്ടു കർത്താവിന്റെ കാസായുടെ ഈ കടശിത്തുള്ളിയും കുടിച്ചുകൊൾക" എന്നു അച്ചൻ മന്ദമായി ചെവിയിൽ പറഞ്ഞുകൊടുത്തു. കുരിശിലേക്കു കണ്ണുകളെ ഉയർത്തി സമ്മതത്തോടെ പുണ്യവാൻ തല ചായിച്ചു. അപ്പോഴേക്കും അടുത്തു നിന്നവർ അന്ത്യകാല പ്രാർത്ഥനകൾ ചൊല്ലിത്തുടങ്ങി. വലത്തു കയ്യിൽ ഒരു മെഴുകുതിരിയും ഇടത്തുകയ്യിൽ ക്രൂശിക്കപ്പെട്ട രൂപവും മുറുകിപ്പിടിച്ചുകൊണ്ടും ഇടക്കിടെ ഈശോ എന്ന തിരുനാമം മന്ദമായി ഉച്ചരിച്ചുകൊണ്ടും ആ പരിശുദ്ധൻ അന്ത്യശ്വാസം വിടുകയും ചെയ്തു. 1591 ജൂൺ 21-ാംനു- വെള്ളിയാഴ്ച പ്രഭാതത്തിൽ, ലൂയിസിനു 23 വയസ്സു കഴിഞ്ഞു 3 മാസവും 11 ദിവസവും പ്രായമായിരിക്കയിലാണു ഈ ഭാഗ്യമരണം നടന്നതു്. പ്രിയപ്പെട്ട കുഞ്ഞുങ്ങളെ! എത്രയോ ഭാഗ്യപ്പെട്ട മരണം! നീതിമാന്മാരെപ്പോലെ ജീവിച്ചാൽ നീതിമാന്മാർക്കടുത്ത മരണം ലഭിക്കയും ചെയ്യും.

## II. ഈ മാസത്തെ മദ്ധ്യസ്ഥൻ— വി. കുരിശിന്റെ യോഹന്നാൻ.

(തിരുനാൾ നവംബർ 24-ാംനു- ശനിയാഴ്ച)

കർമ്മല നാഥയുടെ കുഞ്ഞുമക്കളുടെ ഒരു പ്രത്യേക പിതാവും കർമ്മലീത്താ സഭയുടെ ദീപവുമായ ഈ പുണ്യവാൻ സ്പെയിനിൽ ഒരു ദരിദ്ര കുടുംബത്തിൽ പിറന്നു, ദരിദ്രനായി വളർന്നു. എങ്കിലും ചെറുപ്പംമുതൽ ദൈവജനനിയുടെ ഒരു വാത്സല്യ മകനായിരുന്നു. അത്ഭുതകരമായ പല സഹായങ്ങളും ഈ അമ്മയിൽ

നിന്നും ബാല്യത്തിൽതന്നെ പ്രാപിക്കയും തൽഫലമായി കർമ്മലീത്താ സഭയിൽ പ്രവേശിക്കയുമാണു ചെയ്തതു്. കർത്താവിനുവേണ്ടി പാടുപെടുന്നതിനായിരുന്നു പുണ്യവാന്റെ അനുഗ്രഹമെല്ലാം. നാനാപ്രകാരത്തിലുള്ള ഞെരുക്കങ്ങൾ പുണ്യവാന്മാർക്കുള്ള ധീരതയോടെ സഹിച്ചു. ഇപ്പോൾ തിരുസഭയുടെ പുണ്യവാനും വേദപാരഗനുമായി വണങ്ങപ്പെടുന്നു. പാപം ചെയ്യുന്നതിനേക്കാൾ മരിക്കുന്നതിനുള്ള മനോഗുണം ഈ സ്നേഹപിതാവിനോടു ഈ മാസത്തിൽ ദിവസേന അപേക്ഷിക്കുക.

### III. കെ. സി. സി. എ. ഡയറി.

റിപ്പോർട്ടുകൾ ഫോട്ടോകൾ മുതലായവ അയച്ചിട്ടുള്ള കുഞ്ഞുമക്കൾക്കെല്ലാവർക്കും നന്ദി പറഞ്ഞുകൊള്ളുന്നു. തനിച്ചു മറുപടി അയക്കാൻ എത്ര ശ്രമിച്ചിട്ടും സാധിക്കുന്നില്ല. ജോലിക്കൂടുതൽ നിമിത്തം കൊച്ചച്ചൻ വല്ലാതെ ബുദ്ധിമുട്ടുന്നുണ്ടു്. പ്രാർത്ഥനകളാൽ സഹായിപ്പാൻ വീണ്ടും അപേക്ഷ.

* * *

വാർഷികപുസ്തകം ജനുവരിയിലേക്കു പുറപ്പെടുത്തണമെന്നാണു ആഗ്രഹം. പക്ഷേ അടിച്ച പുസ്തകം ഇനിയും തീരാതെയിരിക്കുന്നു. അതു തീരാതെ പുതിയതു തുടങ്ങാൻ നിവൃത്തിയില്ലെന്നു എല്ലാവരും ഓർക്കണം. പൊതുഫണ്ടു അഞ്ചുരൂപാ വരവിൽ മരിച്ചവർക്കുവേണ്ടി ചെലവു 3 രൂപാ നീക്കി ആകെ ഇപ്പോൾ 63 രൂപായാണുള്ളതു്.

എന്നു നിങ്ങളുടെ സ്വന്തം കൊച്ചച്ചൻ.

# വർത്തമാനസംഗ്രഹം.

### കോട്ടയത്തെ തിരുനാളാഘോഷം.

ക്രിസ്തുവിന്റെ രാജത്വതിരുനാൾ ഇക്കൊല്ലവും പല സ്ഥലങ്ങളിൽ ആഘോഷപൂർവ്വം കൊണ്ടാടപ്പെട്ട കൂട്ടത്തിൽ കോട്ടയം പട്ടണത്തിലെ ആഘോഷങ്ങൾ പ്രത്യേകം ശ്രദ്ധേയമായിട്ടുണ്ടു്. വരാപ്പുഴ, ചങ്ങനാശേരി, കോട്ടയം, എന്നമൂന്നു രൂപതകൾ വകയായി കോട്ടയത്തുള്ള മൂന്നു ഇടവകകളുടെ ആഭിമുഖ്യത്തിൽ സമീപസ്ഥിതങ്ങളായ പള്ളികളുടെ സഹകരണത്തോടുകൂടെ നടന്ന ഈ തിരുനാളാഘോഷം ക്രിസ്ത്യാനികളുടെ പൊതുവേയുള്ള ഒരു ആഘോഷമായിട്ടാണു് വാസ്തവത്തിൽ പരിണമിച്ചതു്. ഞായറാഴ്ച കുന്നേപ്പള്ളിയിൽനിന്നു തിരുനക്കര മൈതാനത്തിലേക്കുണ്ടായ പ്രദക്ഷിണം അത്യാഡംബരപൂർവ്വമായ ഒന്നായിരുന്നു. അനന്തരം കാളാശ്ശേരി മെത്രാനച്ചൻ തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ അവിടെ നടന്ന പൊതുയോഗത്തിൽ എൺപതോളം വൈദികരും, നാനാജാതി മതസ്ഥരായി ഇരുപതിനായിരത്തിൽ കുറയാതെ ജനങ്ങളും സംബന്ധിച്ചു. മെത്രാനച്ചൻ തിരുമനസ്സിലെ സന്ദർഭോചിതമായ ഉപക്രമപ്രസംഗാനന്തരം ശ്രീമാൻ ജോസഫ് പെട്ട എം. എ. അവർകൾ ചെയ്ത പ്രൗഢമായ പ്രസംഗത്തിൽ ക്രിസ്തുവിന്റെ രാജത്വത്തിൽ ലോകത്തിനു ലഭിച്ചിട്ടുള്ള നന്മകളെപ്പററി സവിസ്തരം പ്രതിപാദിച്ചു. പിന്നീടു റൈററ് റവ. മോൺസിഞ്ഞോർ അന്റണി പുതിശേരി അവർകൾ ക്രിസ്തുവിന്റെ നാമത്തെ വ്യാഖ്യാനിച്ചുകൊണ്ടു ചെയ്ത സരസമായ പ്രസംഗവും അത്യന്തം അവസരോചിതമായിരുന്നു. ഒടുവിൽ ഉപസംഹാരമായി മെത്രാനച്ചൻ തിരുമനസ്സുകൊണ്ടു് ജനക്കൂട്ടത്തെ ആശീർവ്വദിച്ചശേഷം കൃതജ്ഞതാപ്രകടനവും ചീയേഴ്സു വിളിയും കഴിഞ്ഞു് ഏഴര മണിയോടുകൂടെ ചടങ്ങുകൾ മംഗളമായി അവസാനിപ്പിക്കയാണു് ചെയ്തതു്. പുതുതായി മതിൽകെട്ടി സജ്ജീകരിക്കപ്പെട്ട തിരുനക്കര മൈതാനത്തിൽ ക്രിസ്തുരാജന്റെ

ഒരു പ്രതിമ ഈ അവസരത്തിൽ പ്രതിഷ്ഠിക്കയുണ്ടായെന്നുള്ളതും, സമീപ പ്രദേശങ്ങളിൽ മഴ ശക്തിയായി വർഷിച്ചെങ്കിലുംകോട്ടയത്തുയാതൊരുപദ്രവവും കൂടാതെ കഴിഞ്ഞു എന്നുള്ളതും പ്രത്യേകം പ്രസ്താവ്യമായിട്ടുണ്ട്. അകപ്പാടെ ഏവൎക്കും ഭക്തിജനകമായ വിധത്തിൽ ഈ ആഘോഷങ്ങൾ നിവ്വഹിച്ച ഭാരവാഹികളെ അഭിനന്ദിച്ചുകൊള്ളുന്നു.

---

ഇൻഡ്യയുടെ ഡലഗാദപ്പസ്തോലിക്കാ തിരുമനസ്സുകൊണ്ട് പുതിയ സെക്രട്ടറിയോടൊന്നിച്ചു ബാംഗ്ളൂരിൽ തിരിച്ചെത്തിയിരിക്കുന്നു. തിരുമേനി സിഡ്നി കോൺഗ്രസ്സിൽ സംബന്ധിക്കയുണ്ടായില്ല.

ദിവ്യകാരുണ്യ കോൺഗ്രസ്സ് കമ്മിററിയുടെ പ്രസിഡണ്ടും ബൽജിയത്തിൽ നാമൂറിലെ മെത്രാനുമായ മൊൺസിഞ്ഞോർ ഹെയ്ലൻ സിഡ്നിയിൽനിന്നുള്ള മടക്കത്തിൽ ബോംബെയിലിറങ്ങുകയും ഇൻഡ്യയിൽ തൃശ്ശിനാപ്പള്ളി മുതലായ പല സ്ഥലങ്ങൾ സന്ദൎശിക്കയും ചെയ്യുതായിക്കാണുന്നു. ഇദ്ദേഹം എന്ന ദിവ്യകാരുണ്യകോൺഗ്രസ്സുകളിൽ സംബന്ധിക്കയും അതാതു സ്ഥലത്തെ ഭാഷകളിൽ സ്വാഗതപ്രസംഗം നടത്തുകയു ചെയ്തിട്ടുള്ള ദേഹമാണെന്നറിയുന്നു ഇപ്പോൾ ഇദ്ദേഹത്തിനു 73 വയസ്സു പ്രായമുണ്ട്.

ഫ്രാൻസിൻനിന്നുവന്ന, വൈദികരുടെ അപ്പസ്തോലിക്കസഖ്യത്തിൻെറ ഡയറക്ടർ ജനറാളായ മൊൺസിഞ്ഞോർ ലമെറാൻഡ് എന്ന ദേഹവും കോൺഗ്രസ്സ് കഴിഞ്ഞു് ഇൻഡ്യ സന്ദൎശിക്കയുണ്ടായി അദ്ദേഹം എറണാകുളത്തും എത്തുകയും, കേരളത്തിലെ പല സഖ്യാംഗങ്ങളും അവിടെയെത്തി അദ്ദേഹത്തെ സന്ദൎശിക്കയും, എല്ലാവരും ചേൎന്ന് എറണാകുളം മെത്രാപ്പോലീത്താച്ചനോടൊന്നിച്ചു ഒരു ഗ്രൂപ്പുഫോട്ടൊ എടുക്കയും ചെയ്യുതായി അറിയുന്നു.

കോൺഗ്രസ്സ് കഴിഞ്ഞു ഗൈക്കരാജകുമാരൻ എന്ന വൈദികനും ഇൻഡ്യയിൽ പല പ്രധാനസ്ഥലങ്ങളിൽ സഞ്ചരിച്ചതായി കാണുന്നു. ഇദ്ദേഹം മൊൾഡേവിയായിലെഒട്ടവിലത്തെരാജാവിൻെറ പുത്രനും റുമേനിയൻ ശീസ്മസഭയിൽ നിന്നു കത്തോലിക്കാസഭയിലേക്കു പ്രവേശിച്ചു ഗുരുപ്പട്ടമേററ ദേഹവുമാണ്. ഈ വന്ദ്യവൈദികൻ ഇപ്പോൾ പാരീസിൽ ഒരു അപ്രധാനസ്ഥലത്തു സാധുക്കളായ ജനങ്ങൾക്കു വേണ്ടി തൻെറ ആയുഷ്കാലത്തെ ബലി കഴിച്ചുകൊണ്ടു ജീവിക്കയാണു.

അടുത്ത ദിവ്യകാരുണ്യ കോൺഗ്രസ്സ് 1930-ൽ കാർത്തേജിൽവച്ചു നടത്തുന്നതിനു തീർച്ചപ്പെടുത്തിയിരിക്കുന്നു. വി. അഗുസ്തീനോസു അവിടെ മരിച്ചിട്ടു 1500 കൊല്ലം തികയുന്നതു അത്താണ്ടിലാകയാൽ അതിൻെറ സ്മാരകമായിട്ടു കൂടിയാണു കോൺഗ്രസ്സ് അവിടെ നടത്തുന്നതു്.

1932-ലെ കോൺഗ്രസ്സ് അയർലണ്ടിലായിരിക്കും, വി. പാട്രിക്കു അവിടെ സുവിശേഷം പ്രസംഗിച്ചതിൻെറ 15-ാം ശതാബ്ദഘോഷവും അന്നു നടക്കുന്നതാണു.

---

## മനോഗുണ വിവരങ്ങൾ.

കാലം ചെയ്ത കുര്യാളശേരിൽ മാർ തോമ്മാമെത്രാനച്ചൻെറ സഹായത്താൽ അനുഗ്രഹസിദ്ധിയുണ്ടായതിനു

സി. ററി. തോമ്മസ് കാഞ്ഞിരമററം.

കൊച്ചുത്രേസ്യാ പുണ്യവതിയുടെ സഹായത്താൽ വിചാരിച്ച കാൎയ്യംസാധിച്ചതിനു ഉപകാരസ്മരണയായി രണ്ടു രൂപാ അയക്കുന്നു.

സി. വട്ടക്കാട്ടുശേരി

പല ഡോക്ടർമാർ ചികിത്സിച്ചിട്ടു ഭേദപ്പെടാതിരുന്ന എൻെറ ഭാൎയ്യയുടെ സുഖക്കേടു കർമ്മലനാഥയുടെ സഹായത്താൽ പൂൎണ്ണസുഖമായ വിവരം നേർച്ചപ്രകാരം കുസുമത്തിൽ പ്രസിദ്ധപ്പെടുത്തിക്കൊള്ളുന്നു.

ചാക്കോ പോത്തൻ കുമരകം.

കുര്യാളശ്ശേരിൽ മാർതോമ്മാ മെത്രാനച്ചൻെറ സഹായത്താൽ എൻെറ കുട്ടിയുടെ അപായകരമായ സുഖക്കേടു നീങ്ങിയതിനു ഉപകാരസ്മരണ.

ജോസഫ് കാട്ടുക്കുന്നേൽ,മുത്തോലി.

# മനോഗുണ വിവരങ്ങൾ.

☞ ചുരുക്കമായി ഈ വിധവിവരങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിനു ഒരു രൂപാ മുമ്പേറയച്ചു അപേക്ഷിക്കണം.

കർമ്മലനാഥയോടും വി. കൊച്ചുത്രേസ്യയോടുമുള്ള അപേക്ഷയുടെ ഫലമായി എന്റെ ഒരാഗ്രഹം സാധിച്ചതിനു കുസുമം വഴി നന്ദി പറകയും എന്റെ ആഗ്രഹ സാദ്ധ്യത്തിനായി കുസുമവായനക്കാർ പ്രാർത്ഥിക്കണമെന്നു അപേക്ഷിക്കയും ചെയ്തുകൊള്ളുന്നു.

ജെയിക്കബ് പുതക്കുഴി. പൊൻകുന്നം.

വി. കൊച്ചുത്രേസ്യായുടെ പ്രത്യേകസഹായത്താൽ ഇക്കഴിഞ്ഞ ഇൻററർമീഡിയററു പരീക്ഷയിൽ വിജയിയായതിനു ഉപകാരസ്മരണ.

വി. ഐ. ഐ. പാലാ

വി. കൊച്ചുത്രേസ്യായുടെ സഹായത്താൽ എന്റെ സഹോദരി സ്ക്കൂൾ ലീവിങ്ങ് പാസ്സായതിനു

കെ. ജെ. കല്ലൂപ്പുർ

അനുഗ്രഹക്കൊന്ത വഴിയായും വി. കൊച്ചുത്രേസ്യായുടെയും മാർ യൌസേപ്പുപിതാവിന്റെയും മദ്ധ്യസ്ഥതയാലും, മോട്ടോർ ഡ്രൈവർ പാസ്സുകിട്ടിയതിനു ഉപകാരസ്മരണയായി അഞ്ചുരൂപാ അയക്കുന്നു.

വക്കലഅയിതർ സ്വദേശിയായ ജോസഫ് അഗസ്റ്റിൻ ഫർനാണ്ടസ്. ബോർനിയോ.

എന്റെ ഭാര്യയുടെ പ്രസവം തിരുക്കുടുംബത്തിന്റെയും കൊച്ചുത്രേസ്യായുടെയും സഹായത്താൽ സുഖമായി കഴിഞ്ഞതിനു ഉപകാരസ്മരണ.

എം. എ. എൻ. മുത്തുവറവൂർ.

ചെങ്ങലത്തു വി. അന്തോനീസിന്റെ സഹായത്താൽ എന്റെ സുഖക്കേടുനീങ്ങിയതിനു ഉപകാരസ്മരണ.

വി. വി. വൈക്കം.

വി. കൊച്ചുത്രേസ്യായുടെയും വി. അമ്മത്രേസ്യായുടെയും അന്തോനീസ് പുണ്യവാന്റെയും വി. റീത്താപുണ്യവതിയുടെയും മാദ്ധ്യസ്ഥത്താൽ തിരുഹൃദയത്തിൽ നിന്നു കിട്ടിയ മനോഗുണങ്ങൾക്കു ഉപകാരസ്മരണ.

ജോസഫ് മുത്തോലി.

വി. കൊച്ചുത്രേസ്യായുടെ സഹായത്താൽ ഞാൻ പരീക്ഷയിൽ ജയിച്ചതിനു

കെ. സി. മറിയം, മുത്തോലി.

വി. കൊച്ചുത്രേസ്യായുടെയും കുഴ്പ്പാലശേരി മാർ തോമ്മാമെത്രാനച്ചന്റെയും സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു.

സി. ററി. തോമ്മസ്,കാഞ്ഞിരമററം.

വി. യൌസേപ്പു പിതാവിന്റെയും വി. മിക്കായേൽ മാലാഖായുടെയും മദ്ധ്യസ്ഥതയാൽ അപേക്ഷിച്ച കാര്യം സാധിച്ചതിനും, വേറെ ചില കാര്യങ്ങ സാധിക്കുന്നതിനും

കെ. ററി. വെളിയനാട്.

# ചരമവാർത്തകൾ.

കർത്താവിൽ ഭാഗ്യമരണം പ്രാപിച്ച താഴെപ്പറയുന്ന ആളുകൾക്കു വേണ്ടി കുസുമവായനക്കാർ പ്രാർത്ഥിപ്പാറാകണം.

തൃശ്ശൂർ 239-ാം നമ്പർ കെ. സി. സി. എ. സംഘത്തിന്റെ സെക്രട്ടറിയും അനുകരണീയനും സൽസ്വഭാവിയുമായ ഒരു യുവാവുമായ ചാക്കോള ദേവസ്സിക്കുട്ടി പുമ്മാർ സെപ്ററമ്പർ 1-ാം നു- 17 വയസ്സു.

പാലാ തിരുഹൃദയമഠത്തിലെ ഒരംഗമായിരുന്ന റവ. സിസ്റ്റർ മേറി ഉർസൂല (കരുളിക്കാട്ടിൽ) സെപ്ററമ്പർ 28-ാംനു- 22 വയസ്സു.

ചെറുപുഷ്പത്തിന്റെ ഒരു വലിയ ഭക്തയും വലപ്പാട്ടു തച്ചിൽ മാത്തു അവർകളുടെ പുത്രിയുമായ കുഞ്ഞന്നാ സെപ്ററമ്പർ 30-ാം നു- 23 വയസ്സ്.

കാലടി 8-ാംനമ്പർ ബാലികാസംഘത്തിലെ അംഗമായ കാഞ്ഞൂർ ഇടവക മാഞ്ഞാലി കുഞ്ഞിപ്പൈലോ മകൾ മറിയക്കുട്ടി ഒക്ടോബർ 10-ാംനു- 15 വയസ്സു.

കൈപ്പുഴപ്പള്ളി ഇടവക നായത്തുപറമ്പിൽ ഓസേപ്പു മത്തായി ഒക്ടോബർ 19-ാംനു- വയസ്സു 61.

# പഞ്ചാംഗം.

എപ്പക്തതി ൮ ൧൯൨൮ ഞായറാഴ്ച അക്ഷരം. ൭.൨

## ൧൯൨൮ നവംബർ — ൧൧൦൪ തുലാം. — വൃശ്ചികം.

ശുദ്ധീകര വണക്കമാസം.

| | | | | |
|---|---|---|---|---|
| 1 | 16 | വ്യാ | ✠ സകല ശുദ്ധ ന ക വെ. | വെ. |
| 2 | 17 | വെ | സകല മരിച്ചവരുടെ ഓർമ്മ ന. ആ. ക. സകല മരി. | ക. |
| 3 | 18 | ശ | സകല ശുദ്ധ എം. ന. ക. വെ. | വെ. |
| | | | പ്രവിത്താനം വി. മിഖായേൽ മാലാഖാ. | |
| 4 | 19 | ഞാ | ✠ പന്തക്കു-ാം ഞാ. ന ക ആ. ൨൧-ാം ഞാ. ൭ ന. ൫ ബാ. | പ. |
| 5 | 20 | തി | ❊ യോഹ. മാംദ പിതാസ്സറിയാ ന ആ. ക വെ. | വെ. |
| 6 | 21 | ചൊ | ❊ സകല ശുദ്ധ എം. ന. ആ. ക. വെ. | വെ. |
| 7 | 22 | ബു | ❊ സകല ശുദ്ധ എം. ന. ആ. ക വെ. | വെ. |
| 8 | 23 | വ്യാ | ❊ സകല ശുദ്ധ എട്ടാ. ന ആ ക. വെ. | വെ. |
| 9 | 24 | വെ | ദിവ്യരക്ഷകൻെറ പള്ളിക്കുദാശ ന. ആ. ക. വെ. | വെ. |
| 10 | 25 | ശ | വേദ ത്രേപ്ലോസും കൂട്ട ന ആ ക. വെ. | ച്യു. |
| 11 | 26 | ഞാ | ✠ പന്തക്കു ൬ ഞാ. ന. ആ. ക ദെനഹാ ൫-ാം ഞാ ൧൧. ൨. ൩ | പ. |
| 12 | 27 | തി | പാ. വേദ മത്തീനോസ് ന. ആ. ക. വെ. | ച്യു. |
| ● 13 | 28 | ചൊ | ❊ മൊ നിക്കൊവോസ് ന ആ. ക. വെ. | വെ. |
| 14 | 29 | ബു | വേദ പ്രീമ്മോസും കൂട്ട. ജുൺ ൧൦ ന. ആ. ക. വെ. | ച്യു. |
| 15 | 30 | വ്യാ | ❊ ക ജെത്രൂദ് ന. ആ. ക. വെ. | വെ. |
| 16 | 1 | വെ | ❊ രാജ്ഞി മർഗ്ഗരീത്താ ജുൺ ൧൬ ന. ആ. ക. വെ. | വെ. |
| 17 | 2 | ശ | അ. മെ. ഗ്രീഗോരി ന. ആ. ക. വെ. | വെ. |
| 18 | 3 | ഞാ | ✠ പന്തക്കു ൭-ാം ന. ആ ക. ദെനഹാ-൬-ാം ഞാ. ൧൮. ൩. ൫ | പ. |
| 19 | 4 | തി | പാ. വേദ പൊന്തിയാനൊ. ന ആ ക. | വെ. |
| 20 | 5 | ചൊ | ❊ മൗ. ഫെലിക്ക്സ് ന ആ. ക. വെ. | വെ. |
| 21 | 6 | ബു | ക. മാതാവിൻെറ കാഴ്ചവെപ്പ ന. ആ ക. വെ. | വെ. |
| 22 | 7 | വ്യാ | ക. വേദ കിക്കിലിയാ ന. ആ ക. വെ | ച്യു. |
| | | | മുത്തോലി നാല്പതുമണി ആരംഭം. | |
| 23 | 8 | വെ | പാ. വേദ ക്ലേമ്മീസ് ന. ആ. ക. വെ. | ച്യു. |
| 24 | 9 | ശ | വേദ ക്രൂസോഗോനോസ് ന. ആ ക. വെ | ച്യു. |
| ◐ 25 | 10 | ഞാ | ✠ പന്തക്കു൮-ാം ന. ആ ക. പന്തക്കു൮-ാം ഞാ. ൨൫ ൦. ൨ | പ. |
| | | | ☞ അടുത്ത വ്യാഴം ഇ. വി. | |
| 26 | 11 | തി | അ. വേദ പത്രോസ ന. ആ ക വെ. | ച്യു. |
| 27 | 12 | ചൊ | ബെല്ജിവാ ശ്ലീ. ജുൺ ൧൬ ന. ആ. ക. വെ. | ച്യു. |
| 28 | 13 | ബു | വേദ. വസീലിനീസ് ജുൺ ൧൦ ന. ആ. ക. വെ. | ച്യു. |
| 29 | 14 | വ്യാ | അന്ത്രയോസ് ശ്ലീ തലേ ന ആ. ക തലേ ഇ. വി | റോ. |
| 30 | 15 | വെ | (✠) അന്ത്രയോസ് ശ്ലീ. ന. ക. വെ. | ച്യു. |

ഇന്നു പാതിരാവിൽ ൨൫ നോമ്പു തുടങ്ങും.

ന. കർത്താവിൻെറ പിറവിത്തിരുനാളിന്ന ആഘോഷപ്പാടായി ൪൦ നന്മനിറഞ്ഞമറിയം പ്രതിദിനം ജപിച്ചു കാഴ്ചവെയ്ക്കു, എന്ന ഭക്തമുറ ഇന്നു തുടങ്ങും.

Printed and Published for the Proprietor by P. K. Joseph at the St. Joseph's Press, Mannanam, 1928.